
വാല്യം 11 | ലക്കം 3 | ജൂൺ 2026

# ഇടയൻ
## ബുള്ളറ്റിൻ



101-ാമത്

ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ

# ചരമവാർഷിക ആചരണം

# MARY RANI PUBLIC SCHOOL

LAIKADU, CHANGANACHERRY

☎ 0481-2400699 ✉ maryranischool@yahoo.co.in

## Services That Makes Us Different.

1. Dedicated, Skilled Teachers.
2. Student Centered Learning.
3. Strong Values and Discipline.
4. Holistic Development.
5. Innovative Teaching Methods.
6. Safe and Supportive Environment.
7. Good Infrastructure.
8. Focus on Life Skills.
9. Parent-Teacher Collaboration.
10. Encouragement of Talents.
11. Strong Leadership and Vision.
12. Guidance and Counselling Cell



**BUS SERVICE AVAILABLE**

### CO-CURRICULAR ACTIVITIES

| INDOOR | OUTDOOR |
|---|---|
| YOGA | FOOTBALL |
| CHESS | CRICKET |
| KARATTE | BADMINTON |
| KUNG-FU | BASKETBALL |
| SKATING | SWIMMING |
| DANCE (ZUMBA & CULTURAL) | |
| ART & CRAFT | |
| MUSIC | |
| BAND TROOP | |
| DRAWING | |



*We are Open to*

- PLAY SCHOOL
- LKG
- UKG
- I-IX
- XI

For Registration
www.maryranipublicschool.edu.in

Managed by SABS Sisters





വാല്യം 11 | ലക്കം 3 | ജൂൺ 2026

# ഇടയൻ

## ഇടവക ബുള്ളറ്റിൻ

മാനേജിംഗ് എഡിറ്റർ:
**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
9495268877

ചീഫ് എഡിറ്റർ:
**റവ. ഫാ. തോമസ് (ഡാരിൻ) തെങ്ങുംപള്ളിൽ**
9400736231

എക്സി. എഡിറ്റേഴ്സ്:
**റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ**
8281674739
**റവ. ഫാ. ജോസഫ് (ജോൺസൺ) മുണ്ടുവേലിൽ**
8078159646
**റവ. ഫാ. മാത്യു (ജസ്റ്റിൻ) പുത്തൻപുരയിൽ**
9961051342

കൈക്കാരന്മാർ:
സുബിൻ എം തോമസ് മതിച്ചിപ്പറമ്പിൽ
പ്രിൻസ് തോമസ് കുറുപ്പൻപറമ്പിൽ
ജിജി തോമസ് പാറക്കടവിൽ

കമ്മറ്റിയംഗങ്ങൾ:
സന്തോഷ് മൈക്കിൾ കടേപ്പറമ്പിൽ (കൺവീനർ)
കാർമൽ ജോബി പാമ്പൂറ്റിത്തറ
സന്തോഷ് പുതുപ്പറമ്പ്
ബോബൻ ഫ്രാൻസിസ് നെല്ലിപ്പള്ളി
സി. മരിയ SABS

പാരിഷ് കൗൺസിൽ സെക്രട്ടറി:
ഷീബാ മാനുവൽ മുണ്ടയ്ക്കൽ

രൂപകല്പന, മുദ്രണം:
സെന്റ് ജോസഫ് ഓർഫനേജ് പ്രസ്
ചങ്ങനാശേരി +91 8547785270

### താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| മുഖമൊഴി | 05 |
| വികാരിയച്ചന്റെ സന്ദേശം | 07 |
| നസ്രാണി സമൂഹത്തെ നവീകരിച്ച വത്സലപിതാവ് | 10 |
| അരികെ അണയാതെ | 16 |
| ഫാമിലി ഗൈഡ് - 2 | 17 |
| ബൈബിൾ കൺവൻഷൻ നിയോഗപ്രാർഥന | 20 |
| ദിനചിത്രങ്ങൾ | 22 |
| ആശംസകൾ | 27 |
| എക്സാം കഴിയുമ്പോൾ നീയും ഇവിടെ വരണം | 29 |
| ന്യൂനപക്ഷ സ്കോളർഷിപ്പുകൾ | 32 |
| മാർ കുര്യാളശ്ശേരി പിതാവിന്റെ ചരമവാർഷികാചരണം | 34 |
| ജീവകാരുണ്യപ്രവർത്തന റിപ്പോർട്ട് | 37 |
| സെന്റ് വിൻസെന്റ് ഡി പോൾ റിപ്പോർട്ട് | 38 |
| ഇടവക വാർത്തകൾ | 40 |
| ജലത്താലും ആത്മാവിനാലും | 43 |
| ദൈവം യോജിപ്പിച്ചത് | 43 |
| ഉത്ഥിതനോടൊപ്പം | 44 |

**ST MARY'S METROPOLITAN CHURCH**
Changanacherry - 686 101
Kerala State, India
Mob: 9074209029 (Office)
metropolitanchurchchry@gmail.com
www.metropolitanpally.in

# സ്നേഹസ്മരണയ്ക്ക്



**പി.പി. മാത്യു**
ജനനം: 05.09.1944 മരണം: 28.04.2026

**അന്നമ്മ ജേക്കബ്**
ജനനം: 04.04.1951 മരണം: 07.08.2024

പാലാത്ര, ചങ്ങനാശേരി

# സ്നേഹസ്മരണയ്ക്ക്



**എം.റ്റി. ജെയിംസ് (ബാപ്പൂച്ചൻ 88)**
മരണം: 01.05.2026

മൂലയിൽ, ചങ്ങനാശേരി

# അവധിക്കാലത്തിന് ഇനി അവധി

പ്രിയ ഇടവകജനങ്ങളേ,

കുട്ടികൾക്കെല്ലാം സ്കൂൾ അവധിക്കാലം കഴിഞ്ഞ് പുതിയൊരു അധ്യയനവർഷത്തിലേക്ക് പ്രവേശിക്കുന്ന സമയമാണല്ലോ ഇത്. എല്ലാവരും സന്തോഷകരവും സമാധാനപരവുമായ ഒരു അവധിക്കാലം ആസ്വദിച്ചു എന്ന് കരുതുന്നു. സാധാരണയായി പഠനത്തിൽ നിന്നുള്ള ഒരു താൽക്കാലിക വിശ്രമം എന്ന നിലയിലാണ് പലരും അവധിക്കാലത്തെ കാണാറുള്ളത്. എന്നാൽ കേവലം പുസ്തകപഠനത്തിന് അപ്പുറം, ജീവിതത്തെക്കുറിച്ചുള്ള വലിയൊരു അനുഭവവും അറിവും നമ്മൾ നേടിയെടുക്കേണ്ട സമയമാണിത് എന്ന് ഓർമ്മിപ്പിക്കുക കൂടി ചെയ്യുകയാണ് ഓരോ അവധിക്കാലവും.

ഇത്തരത്തിൽ തങ്ങളുടെ അവധിക്കാലം വളരെ ക്രിയാത്മകമായി ചെലവഴിച്ച പ്രിയപ്പെട്ട കുട്ടികൾക്കായി 'ഇടയൻ' ഒരു മികച്ച അവസരം ഒരുക്കുന്നുണ്ട്. അതിനെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ അടുത്ത പേജിൽ നൽകിയിരിക്കുന്നത് എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**അവധിക്കാല ചിന്തകൾ: നേട്ടങ്ങളും കോട്ടങ്ങളും**

കഴിഞ്ഞ അവധിക്കാലത്തെ നാം തിരിഞ്ഞുനോക്കുമ്പോൾ ചില കാര്യങ്ങൾ പങ്കുവെക്കാതിരിക്കാൻ കഴിയില്ല. ചിലരെങ്കിലും ഈ അവധിക്കാലത്തെ 'എല്ലാറ്റിനും അവധി' എന്ന മനോഭാവത്തോടെയാണ് സമീപിച്ചത്. വീടുകൾക്കുള്ളിൽ ഒതുങ്ങിക്കൂടാനും, മൊബൈൽ ഫോണുകളുടെ ലോകത്ത് മാത്രമായി വിലപ്പെട്ട സമയം കളയാനും ഇവർ തുനിഞ്ഞു എന്നത് സങ്കടകരമാണ്.

എന്നാൽ മറുഭാഗത്ത്, മറ്റ് അനേകം കുട്ടികൾ ഈ സമയം കൂടുതൽ ധന്യമാക്കി. അവർ എല്ലാദിവസവും വിശുദ്ധ കുർബാനയിൽ പങ്കുചേരാനും, പള്ളിയിലെ എല്ലാ കാര്യങ്ങളിലും സജീവമായി സഹകരിക്കാനും മുൻകൈ എടുത്തു. അതിനൊപ്പം തന്നെ മാതാപിതാക്കളെ വീട്ടുചുമതലകളിൽ സഹായിക്കുകയും, തങ്ങളുടെ ഉള്ളിലെ ദൈവദത്തമായ കഴിവുകളെ കൂടുതൽ വളർത്തിയെടുക്കുകയും ചെയ്തുകൊണ്ട് അവർ ഈ നാളുകളെ അർത്ഥവത്താക്കി മാറ്റി.

"ഏറെ അധ്വാനിക്കുമ്പോൾ അല്പം വിശ്രമം ഒത്തിരി സന്തോഷം ലഭിക്കും. എന്നാൽ സന്തോഷം ലഭിക്കണം എന്ന് വിചാരിച്ച് ഒത്തിരി വിശ്രമിക്കുന്നവർക്ക് നിരാശയാണ് ഫലം." അതുകൊണ്ട് തന്നെ, നമുക്കും നമ്മുടെ കുട്ടികൾക്കും അധ്വാനിക്കുവാനുള്ള അവസരങ്ങളും ശീലങ്ങളും രൂപപ്പെടുത്തേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ ഏറെ ആവശ്യമാണ്. എങ്കിലാണ് കുട്ടികളിൽ നേതൃത്വ പാടവും ആത്മവിശ്വാസവും ക്രിയാത്മകതയും പോസിറ്റിവിറ്റിയും നമുക്ക് വളർത്താൻ സാധിക്കുന്നത്.

അല്ലെങ്കിൽ അവരിലെ നിഷ്കളങ്കതയെ സമൂഹം ചൂഷണം ചെയ്യും. എന്നാൽ മാതാപിതാക്കൾ കുട്ടികളെ പണിയെടുപ്പിക്കുവാൻ "അതു ചെയ്യ്, ഇതു ചെയ്യ്" എന്ന ആജ്ഞാപിക്കലല്ല വേണ്ടത്. പകരം നിങ്ങളോടുകൂടെ ജോലി ചെയ്യുവാൻ മക്കളെ പ്രോത്സാഹിപ്പിക്കണം. ഇന്നത്തെ കാലഘട്ടത്തിൽ കുട്ടികൾക്ക് വേണ്ടത് ആജ്ഞാപിക്കുന്ന (command) മാതാപിതാക്കളെയല്ല കൂടെ നടക്കുന്ന (companion) മാതാപിതാക്കളെയാണ്.

**ദൈവസാന്നിധ്യത്തിലേക്ക് ഒരുങ്ങാം**

ജീവിതത്തിൽ ചില കാര്യങ്ങളിൽ നിന്നും നാം ഒരിക്കലും അവധിയെടുക്കാൻ പാടില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നമ്മുടെ ദൈവവുമായുള്ള ആത്മബന്ധമാണ്. ദൈവദാസൻ മാർ കുര്യാളശ്ശേരി പിതാവിന്റെ ഓർമ്മ ആചരണത്തിന്റെ ഈ വേളയിൽ, പിതാവ് തന്റെ ജീവിതത്തിൽ എപ്പോഴും പുലർത്തിയിരുന്ന മനോഭാവം നമുക്കും മാതൃകയാക്കാം - അത് മറ്റൊന്നുമല്ല, 'എപ്പോഴും ദൈവസാന്നിധ്യത്തിൽ ആയിരിക്കുക' എന്നതു തന്നെയാണ്. ദൈവത്തെ ചേർത്തു പിടിച്ചുകൊണ്ട്, അവിടുത്തെ സാന്നിധ്യത്തിൽ ജീവിക്കാനും വളരാനും നമുക്കും നമ്മുടെ മക്കൾക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ഒരു പുതിയ കാലഘട്ടം ആശംസിക്കുന്നു!

സ്നേഹത്തോടെ,

**ഡാരിനച്ചൻ**



# അവധിക്കാല ചലഞ്ച്

"നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുൻപിൽ പ്രകാശിക്കട്ടെ." (മത്തായി 5:16)

ഈ അവധിക്കാലത്ത് നിങ്ങൾ ചെയ്ത നല്ല കാര്യങ്ങൾ പങ്കുവെക്കുകയോ ഫോട്ടോ അയയ്ക്കുകയോ ചെയ്യുക. മികച്ച രീതിയിൽ ഇത് ചെയ്യുന്നവർക്ക് അടുത്ത ബുള്ളറ്റിനിൽ അവസരം ഉണ്ടായിരിക്കും! നിങ്ങളുടെ ചലഞ്ചുകൾ **9400736231** എന്ന നമ്പറിലേക്ക് **Whatsapp** ചെയ്യുക.

# ആശംസകൾ...

**പുതിയ ഓഡിറ്റർമാരായി തെരഞ്ഞെടുക്കപ്പെട്ട**



**ശ്രീ. രഞ്ചിത്ത് മാത്യൂസ് കരിങ്ങട**



**ശ്രീ. ഡാനി വടക്കുംമുറി**



**ശ്രീ. ജോസഫ് ജോർജ് നെല്പ്പുരയ്ക്കൽ**





## Vicar's Message

## വികാരിയച്ചന്റെ സന്ദേശം

ഈശോയിൽ സ്നേഹമുള്ളവരെ,

നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് ഞാൻ ഈ കത്തെഴുതുന്നത്. വിശ്വാസജീവിതത്തിന്റെ വളരെ പ്രധാനപ്പെട്ട ദിനങ്ങളിലൂടെ നാം സഞ്ചരിക്കുകയായിരുന്നല്ലോ. പീഡാനുഭവവാരത്തിലെ തിരുക്കർമ്മങ്ങൾ ഭംഗിയാക്കാൻ സാധിച്ചു. ദ പാഷൺ ഓഫ് മേരി - പെസഹായ്ക്കുമുമ്പ് മിശിഹായുടെ അമ്മ അനുഭവിച്ച ആത്മീയനൊമ്പരങ്ങളും അഭിഷേക അനുഭവങ്ങളും ബഹു. ഷാജി തുമ്പേച്ചിറ അച്ചനും 150 ൽ പരം കലാകാരന്മാരും അടങ്ങുന്ന ടീം അവതരിപ്പിച്ചു. ഹൃദയസ്പർശിയായ രംഗ ആവിഷ്ക്കാരമായിരുന്നു. ഇടവകയുടെ അഭിനന്ദനങ്ങളും നന്ദിയും സ്നേഹവും അച്ചനും ടീം അംഗങ്ങൾക്കും നേരുന്നു.

നമ്മുടെ ഇടവകയുടെ പാരീഷ്ഹാൾ മാനേജരായ കുഞ്ഞപ്പൻ ചേട്ടൻ തൽസ്ഥാനത്തുനിന്നു വിരമിച്ചു. ദീർഘനാൾ ചെയ്ത സേവനത്തിന് നന്ദി നേരുന്നു. പുതിയ പാരീഷ്ഹാൾ മാനേജരായി ചുമതലയേറ്റ അരുൺ ടോം തോപ്പിലിനെ ആശംസകൾ നേരുന്നു.

പള്ളിയ്ക്കകത്തെ ഹെലിഫാൻ സംഭാവന ചെയ്ത (3,70,520 രൂപ) മുക്കാടൻ തങ്കച്ചനും കുടുംബത്തിനും നന്ദി.

ഓശാന ഞായർ, പെസഹാവ്യാഴം, ഉയിർപ്പുഞായർ തിരുക്കർമ്മങ്ങളിൽ പ്രധാന കാർമ്മികത്വം വഹിച്ച അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിനും പീഡാനുഭവവാരത്തിൽ കുമ്പസാരിപ്പിക്കാൻ വന്ന വൈദികർക്കും തിരുക്കർമ്മങ്ങളുടെ നല്ല ക്രമീകരണങ്ങൾക്ക് സഹായവും നേതൃത്വവും നൽകിയ ഫിലിപ്പ് അച്ചനും, ജോൺസൺ അച്ചനും, ജസ്റ്റിനച്ചനും, ഡാരിനച്ചനും, കൈക്കാരന്മാരായ ചാൾസ് പാലാത്ര, എബ്രഹാം കുര്യൻ ഒളശ്ശയിൽ, എ.ജെ ജോസഫ് ആലഞ്ചേരിക്കും വിവിധങ്ങളായ സഹായങ്ങൾ നൽകിയ ബഹു. സിസ്റ്റേഴ്സിനും ഇടവക പ്രതിനിധി യോഗാംഗങ്ങൾ, കുടുംബകൂട്ടായ്മ ലീഡേഴ്സ്, ദർശന സമൂഹാംഗങ്ങൾ, സൺഡേസ്കൂൾ അദ്ധ്യാപകർ, വിവിധ സംഘടനകളുടെ ഭാരവാഹികൾ, ഗായക സംഘാംഗങ്ങൾ, ദൈവാലയ ശുശ്രൂഷികളായ ടോമിച്ചൻ, ജോജോ എന്നിവർക്കും അൾത്താര ബാലന്മാർ, പള്ളി ഓഫീസിലെ ജീവനക്കാർ, ശബ്ദവും വെളിച്ചവും നൽകിയവർ, പന്തലിട്ടവർ, ദാഹജലം നൽകിയവർ, പെസഹാവ്യാഴാഴ്ച ആരാധനയ്ക്കായി താൽക്കാലിക അൾത്താര ക്രമീകരിച്ചവർ, പ്രധാന അൾത്താര ഒരുക്കിയവർ, പീഡാനുഭവ രൂപം ഒരുക്കിയവർ, വിവിധ ഇടവകകളിൽ നിന്നും എത്തിയ സഹോദരങ്ങൾ, എല്ലാ മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ, ഓരോ വിധത്തിലും പങ്കാളികളായവർ, നേതൃത്വം കൊടുത്തവർ, സഹായിച്ചവർ, സഹകരിച്ചവർ എല്ലാവർക്കും ഒത്തിരി സ്നേഹത്തോടെ നന്ദി. ഉത്ഥിതനായ

മിശിഹാ നമ്മുടെ പ്രവർത്തികൾക്കനുസ്യതമായി പ്രതിഫലം നൽകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ ഒരു വർഷം 2025 ഏപ്രിൽ മുതൽ 2026 മാർച്ച് വരെയുള്ള കാലഘട്ടത്തിൽ ഇടവകയുടെ കൈക്കാരന്മാരായി ക്രിയാത്മകമായി പ്രവർത്തിച്ച ഇടവകകളുടെ വിവിധങ്ങളായ നവീകരണ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും നേതൃത്വം നൽകുകയും കുറഞ്ഞ കാലംകൊണ്ട് പൂർത്തീകരിക്കാൻ കഠിനാധ്വാനം ചെയ്യുകയും ചെയ്ത എ.ജെ ജോസഫ് ആലഞ്ചേരി, എബ്രാഹം കുര്യൻ ഒളശ്ശയിൽ, ചാൾസ് മാത്യു പാലാത്ര എന്നിവർക്ക് ഇടവകയുടെ പേരിൽ പ്രത്യേകം നന്ദി നേരുന്നു. നമ്മുടെ ദൈവാലയത്തിനുള്ളിൽ ചാരു ബഞ്ചിടുക, ദൈവാലയ പരിസരം ഭംഗിയാക്കുക, മൈതാനത്ത് പാർക്കിംഗ് ക്രമീകരണം ശരിയാക്കുക, നവശതാബ്ദിനാൾ നവീകരിക്കുക, ദൈവാലയത്തിനുള്ളിൽ ഹെലി ഫാനിടുക തുടങ്ങിയ കർമ്മപരിപാടികളാണ് ഈ കാലഘട്ടത്തിൽ പൂർത്തീകരിക്കാൻ സാധിച്ചത്.

2026-2027 കാലഘട്ടത്തിലേക്ക് ചുമതല ഏൽക്കുന്ന കൈക്കാരന്മാരായ സുബിൻ എം. തോമസ് മതിച്ചിപ്പറമ്പിൽ, പ്രിൻസ് തോമസ് കുറുപ്പൻപറമ്പിൽ, ജിജി തോമസ് പാറക്കടവിൽ എന്നിവർക്ക് ഇടവകയുടെ മംഗളാശംസകളും പ്രാർത്ഥനകളും നേരുന്നു.

കുട്ടികളുടെ വിശ്വാസോത്സവത്തിന് നേതൃത്വം കൊടുത്ത വൈദികർക്കും മതാദ്ധ്യാപകർക്കും സഹായിച്ച ബ്രദേഴ്സിനും പങ്കെടുത്ത കുട്ടികൾക്കും പ്രോത്സാഹിപ്പിച്ച മാതാപിതാക്കൾക്കും വിവിധങ്ങളായ സഹായം നൽകിയവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

പരസ്പരം അറിയാനും ക്ഷേമാന്വേഷണം നടത്താനും സൗഹൃദങ്ങൾ പുതുക്കാനും ഓർമ്മകൾ സൂക്ഷിക്കാനും നമ്മൾ ഒരു ഡയറക്ടറി ക്രമീകരിക്കാൻ ആഗ്രഹിക്കുന്നു. പത്തു വർഷങ്ങൾക്കുശേഷമാണ് ഡയറക്ടറി ഇറക്കുന്നത്. കാലാനുസൃതമായി കുടുംബങ്ങളുടെ സ്ഥിതിവിവരങ്ങൾ മനസ്സിലാക്കാൻ നമ്മൾ ഉദ്ദേശിക്കുന്ന ഡയറക്ടറിയുടെ എല്ലാ വിജയത്തിനും നിങ്ങളുടെ ഓരോരുത്തരുടെയും സഹകരണം ഉണ്ടാകണം. ചിലവിലേക്ക് പരസ്യങ്ങൾ നൽകി സഹായിക്കണം.

പന്തക്കുസ്താ തിരുനാളോടുകൂടി പുതിയ മതബോധന വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പോയവർഷം നാം സ്വന്തമാക്കിയ നന്മകൾ ഹൃദയത്തിൽ സൂക്ഷിക്കാം. കുറവുകൾ പരിഹരിച്ച് 2026-2027 പ്രവർത്തനവർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം. പുതിയ അദ്ധ്യയന വർഷത്തിൽ പരസ്പര സ്നേഹത്തോടെ കൂട്ടായ്മയിൽ അധിഷ്ഠിതമായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പ്രവർത്തിക്കാം. പരസ്പര സഹായവും സഹകരണവും പ്രാർത്ഥനയും നമുക്ക് പങ്കുവയ്ക്കാം. ഈശോയ്ക്കു പ്രിയപ്പെട്ട മക്കളായി നാം വളരണം. ഈശോയെ മാതൃകയാക്കണം. ഈശോയെ അനുകരിക്കണം. ദൈവത്തിൽ ആശ്രയിക്കണം. ശൈശവത്തിൽ തന്നെ നാം നടക്കേണ്ട വഴികൾ പഠിക്കുകയും പരിശീലിക്കുകയും വേണം.

കുട്ടികൾക്ക് മതബോധനം നൽകുന്നത് മാതാപിതാക്കളുടെ സർവ്വപ്രധാനമായ കടമയാണ്. ഒരു നല്ല കുടുംബാന്തരീക്ഷം മാതാപിതാക്കൾ സൃഷ്ടിക്കണം. ദൈവികകാര്യങ്ങൾ പഠിപ്പിക്കുന്നതിനും വിശ്വാസസത്യങ്ങൾ പരിശീലിപ്പിക്കുന്നതിനും

ധാർമ്മിക ചൈതന്യത്തിൽ കുട്ടികളെ വളർത്തുന്നതിനും മാതാപിതാക്കൾ ശ്രദ്ധയുള്ളവരായിരിക്കണം. മാതാപിതാക്കളുടെ പങ്ക് മതബോധനത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. മാതാപിതാക്കൾ അദ്ധ്യാപകർ കുട്ടികൾ എന്നീ ത്രിവിധ മേഖലകളിലൂടെ കൂട്ടുത്തരവാദിത്വത്തോടുകൂടി മാത്രമേ മതബോധനം നമ്മുടെ ഇടവകയിൽ ഭംഗിയായി നടത്തുവാൻ സാധിക്കുകയുള്ളു. നാളിതുവരെ കുട്ടികളുടെ മതബോധനത്തിനു നൽകിക്കൊണ്ടിരിക്കുന്ന സഹകരണത്തിനും പ്രോത്സാഹനത്തിനും നന്ദി നേരുന്നു. തുടർന്നു കൂടുതൽ സഹകരണവും, പ്രോത്സാഹനവും പ്രതീക്ഷിക്കുന്നു.

ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവിന്റെ 101-ാം ചരമവാർഷികം ജൂൺ 2-ാം തീയതി നാം ആചരിക്കുകയാണല്ലോ. പിതാവിന്റെ ചരമവാർഷികം നാം ആചരിക്കുമ്പോൾ പിതാവ് നമ്മുടെ അതിരൂപതയ്ക്കും പ്രത്യേകിച്ച് നമ്മുടെ ഇടവകയ്ക്കും ചെയ്ത സേവനങ്ങളെ നന്ദിയോടെ ഓർക്കാം. ചരമദിനാചരണത്തോടനുബന്ധിച്ചു നടത്തുന്ന എല്ലാ ദിവസങ്ങളിലും തിരുക്കർമ്മങ്ങളിൽ നമുക്ക് ഭക്തിപൂർവ്വം പങ്കെടുക്കാം. പരിശുദ്ധ കുർബാനയോടുള്ള സ്നേഹത്തിലും ഭക്തിയിലും നമുക്കു വളരാം. സമുദായ ശക്തീകരണവർഷം ആചരിക്കുമ്പോൾ സമൂഹത്തെ ഏറെ സ്നേഹത്തോടെ വാർത്തെടുക്കാനും വിദ്യാഭ്യസം പകരാനും അതിനായി രൂപതയ്ക്കുള്ളിൽ വിപുലമായ ഒരുക്കങ്ങൾ നടത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു കടന്നുപോയ കർമ്മയോഗിയാണ് അഭിവന്ദ്യ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ്. പാവന സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാം, നന്ദിയോടെ ഓർക്കാം, പ്രാർത്ഥിക്കാം.

ദീർഘനാൾ കുടുംബകൂട്ടായ്മ ജനറൽ കൺവീനറായി സ്തുത്യർഹമായി സേവനം ചെയ്ത ജോബി തൂമ്പുങ്കലിന് നന്ദി നേരുന്നു. കൂടെ പ്രവർത്തിച്ച എല്ലാ കൂട്ടായ്മാ ലീഡേഴ്സിനും പ്രവർത്തകർക്കും നന്ദി. 2026 - 2029 ലെ കാലഘട്ടത്തിലേക്ക് കൂട്ടായ്മാ ലീഡേഴ്സിന്റെ ജനറൽ കൺവീനറായി നിയോഗിക്കപ്പെട്ടിരിക്കുന്ന റോണി ജോൺ കുരിശിങ്കൽ പറമ്പിലിനും പുതിയതായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന എല്ലാ കൂട്ടായ്മാ ലീഡേഴ്സിനും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

2025-2026 ലെ ഓഡിറ്റർമാരായിരുന്ന ശ്രീ. ഡാനി വടക്കുംമുറി, ശ്രീ. പ്രിൻസ് തോമസ് കുറുപ്പൻപറമ്പിലിനും ശ്രീ. ജോസഫ് ജോർജ്ജ് നെൽപ്പുരപ്പറമ്പിൽ എന്നിവർക്കും പ്രത്യേകം നന്ദി നേരുന്നു.

കഴിഞ്ഞ മൂന്നരവർഷം ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ ഭാഗമായ ഗത്സമനി ആശ്രമത്തിലെ ഗാർഡിയനായും അവിടുത്തെ കുടുംബ കൂട്ടായ്മകൾക്കും, മറ്റ് എല്ലാ ശുശ്രൂഷകൾക്കും അതുപോലെതന്നെ മെത്രാപ്പോലീത്തൻ ഇടവകയുമായി ബന്ധപ്പെട്ട എല്ലാ ആത്മീയ കാര്യങ്ങൾക്കും ശക്തമായ സഹായവും, സഹകരണവും, നേതൃത്വവും നൽകിയ ബഹു. മാത്യു മുളങ്ങാശ്ശേരി അച്ചന് സ്ഥലം മാറിപ്പോകുന്ന അവസരത്തിൽ ഇടവക കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു. അച്ചന്റെ പുതിയ സ്ഥലത്തെ ശുശ്രൂഷകൾക്ക് എല്ലാ വിജയവും പ്രാർത്ഥനകളും നേരുന്നു.


സ്നേഹത്തോടെ,

**വാണിയപ്പുരയ്ക്കലച്ചൻ**

(വികാരി)

## മിശിഹായിൽ ചങ്ങനാശേരിയിലെ നസ്രാണി സമൂഹത്തെ നവീകരിച്ച്

# വളർത്തിയെടുത്ത വത്സല പിതാവ്: ധന്യൻ മാർ തോമസ് കുര്യാളശേരി





**ഡോ. ജെ.ജി. റേ, മെതിക്കളം**
(റിട്ടയേർഡ് പ്രൊഫസർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി)

“

ക്രൈസ്തവശക്തീകരണമെന്നത് ക്രൈസ്തവമായി ജീവിക്കാനുള്ള കരുത്തും ധൈര്യവും പകരലാണെന്ന ഉറച്ച ബോധ്യത്തിൽ തന്റെ അജഗണങ്ങളായ നസ്രാണികളെ വിശ്വസത്തിൽ ശക്തീകരിക്കുവാൻ വന്ദ്യ പിതാവിനായി. വിശുദ്ധനായി ജീവിച്ചു നമുക്ക് നല്ല മാതൃക നൽകിയ ധന്യൻ കുര്യാളശേരി തോമ മെത്രാൻ എത്രയും പെട്ടെന്ന് വിശുദ്ധപദവിയിലേക്കുയർത്തപ്പെടട്ടെ എന്നും,

**ചങ്ങനാശേരി** അതിരൂപത 2026-ാം ആണ്ട് സമുദായ ശക്തീകരണ വർഷമായി ആചരിക്ക്കുമ്പോൾ, അതിരൂപതയുടെ സർവ്വതോൻമുഖമായ വളർച്ചക്കും സാമുദായിക ഉന്നതിക്കും അടിത്തറയിട്ട്, അതിന്റെ ക്രമാനുഗതമായ പുരോഗതിക്ക് ഊടും പാവും നൽകി, ഇവിടുത്തെ നസ്രാണി സമൂഹത്തെ ആത്മീയമായും ഭൗതികമായും ശക്തിപ്പെടുത്തിയ നമ്മുടെ പ്രഥമ ശ്രേഷ്ഠാചാര്യൻ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവിനെ നന്ദിയോടും ഭക്തിയോടും നാം അനുസ്മരിക്കേണ്ടിയിരിക്കുന്നു.

കോട്ടയം ആസ്ഥാനമായി സ്ഥാപിക്കപ്പെട്ട ചങ്ങനാശേരി വികാരിയത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്ക ആയിരുന്ന അഭിവന്ദ്യ ചാൾസ് ലവീഞ്ഞ് പിതാവ് ദീർഘവീക്ഷണത്തോടെ തിരഞ്ഞെടുത്ത് നമുക്കുവേണ്ടി റോമിലയച്ചു പരിശീലിപ്പിച്ചെടുത്ത വൈദികശ്രേഷ്ഠനായിരുന്നു അദ്ദേഹം. റോമിലെ പ്രസിദ്ധമായ പ്രൊപ്പഗാന്താ കോളേജിൽ ജെസ്യൂട്ട് മിഷനറിമാരായ ആചാര്യ

ന്മാരുടെ പരിലാളനയിൽ വിശിഷ്ട വൈദിക പരിശീലനം നടക്കുമ്പോൾ തന്നെ 'കുഞ്ഞുവിശുദ്ധൻ' എന്ന ഖ്യാതി നേടിയിരുന്നു അദ്ദേഹം. 1890-ൽ വൈദിക പഠനത്തിനായി റോമിലേക്ക് പോകുമ്പോൾ തന്നെ, തിരികെ വരുമ്പോൾ താൻ ഉൾകൊള്ളുന്ന നസ്രാണി സമൂഹത്തിന്റെ ഉയർച്ചയ്ക്കായി എന്തൊക്കെ ചെയ്യേണ്ടിയിരിക്കുന്നു എന്ന് സ്വന്തം ഡയറിയിൽ കുറിച്ചുവച്ചിരുന്നു എന്ന് മനസിലാക്കുമ്പോഴാണ് അദ്ദേഹത്തിന്റെ ക്രാന്തദർശിത്വവും, ഇന്നത്തെ നസ്രാണി സമൂഹം അദ്ദേഹത്തോട് എന്തുമാത്രം കടപ്പെട്ടിരിക്കുന്നു എന്നും നമുക്ക് വ്യക്തമാവുക.

1899-ൽ വൈദിക പരിശീലനം പൂർത്തിയാക്കി തിരികെയെത്തുമ്പോൾ നമ്മുടെ പൂർവികരായ നസ്രാണി നേതാക്കൾ തങ്ങളുടെ സാമുദായിക വളർച്ചക്ക് നല്ല നേതൃത്വം നല്കാൻ പ്രാപ്തിയുള്ള ആചാര്യശ്രേഷ്ഠനെ അദ്ദേഹത്തിൽ ദർശിച്ചിരുന്നു എന്ന് ചരിത്രം സാക്ഷ്യം നൽകുന്നു. അങ്ങനെ നമ്മുടെ പൂർവികർ ആഗ്രഹിച്ചതുപോലെ തന്നെ കേവലം പന്ത്രണ്ടുവർഷത്തെ സ്തുത്യർഹമായ വൈദികസേവനത്തിനുശേഷം 1911-ൽ ചങ്ങനാശേരി വികാരിയാത്തിന്റെ നസ്രാണിയായ പ്രഥമ വികാരി അപ്പോസ്തോലിക്ക ആയും, പിന്നീട് 1923 -ൽ, ചങ്ങനാശേരി വികാരിയത്ത് സ്വതന്ത്രരൂപതയായി മാറ്റപ്പെട്ടപ്പോൾ അതിന്റെ പ്രഥമ മെത്രാനായും നിയോഗിക്കപ്പെട്ട ധന്യൻ കുര്യാളശേരി തോമ മെത്രാൻ ഇവിടുത്തെ നസ്രാണി സമൂഹത്തെ എങ്ങനെയൊക്കെ ശക്തീകരിച്ചിരുന്നു എന്ന് നാം വ്യക്തമായി പഠിക്കേണ്ടിയിരിക്കുന്നു. 1925 ജൂൺ രണ്ടാം തീയതി റോമിൽ വച്ച് അദ്ദേഹം നമ്മിൽ നിന്നും വേർപെട്ടു എങ്കിലും നമ്മുടെ രൂപതയുടെ രൂപീകരണത്തിലും ഇവിടുത്തെ നസ്രാണി സമൂഹത്തിന്റെ ശക്തീകരണത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന കാഴ്ചപ്പാടും അതിനായി അദ്ദേഹം നേതൃത്വം കൊടുത്ത പ്രവർത്തനങ്ങളും ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ധന്യൻ കുര്യാളശേരി തോമ മെത്രാന്റെ 101-ാമത് ചരമവാർഷികം ആചരിക്കുന്ന ഈ വേളയിൽ, നസ്രാണികളായ ക്രൈസ്തവസമൂഹം എന്ന നിലയിൽ മുന്നോട്ടുള്ള നമ്മുടെ ഓരോ ചുവടുവയ്പിലും അത്തരത്തിലുള്ള പരിശോധന നമുക്ക് ശക്തിപകരുമെന്നതിൽ സംശയം വേണ്ട.

**എന്തായിരുന്നു നസ്രാണി സമൂഹ ശക്തീകരണത്തെ സംബന്ധിച്ച വിശുദ്ധി നിറഞ്ഞ കുര്യാളശേരി തോമ മെത്രാന്റെ കാഴ്ചപ്പാട്?**

തന്നെ മെത്രാനായി നിയോഗിച്ച വിശുദ്ധ പത്താം പിയൂസ് മാർപാപ്പയുടെ ആപ്തവാക്യമായിരുന്ന 'എല്ലാം മിശിഹായിൽ നവീകരിക്കുക' എന്ന ആപ്തവാക്യം സ്വന്തമാക്കി ചങ്ങനാശേരിയിലേക്കുവന്ന തോമ മെത്രാൻ ഇവിടുത്തെ നസ്രാണി സമൂഹത്തിന്റെ നവീകരണത്തിനും മറ്റൊന്നല്ല പ്രധാന മാർഗമായി കണ്ടത്. സർവ്വശക്തനായവൻ കൂടെ ഉള്ളപ്പോൾ 'ചെറിയ അജഗണമേ ഭയപ്പെടേണ്ട' എന്ന മിശിഹായുടെ വചനമാണ് ഇവിടുത്തെ നസ്രാണികളെ ശക്തീകരിക്കുവാനുള്ള പ്രധാന വഴിയായി പിതാവ് തിരഞ്ഞെടുത്തത്. ഓരോ നസ്രാണിയും ദൈവവചനത്തെ പൂർണമായും ഉൾക്കൊണ്ട് മറ്റൊരു മിശിഹായായി രൂപാന്തരപ്പെടുവാൻ പരിശ്രമിച്ചാൽ ഒരു ഉൽപ്രേരകം (Catalyst) പോലെ അവർക്ക് തങ്ങളായിരിക്കുന്ന ഏതു സമൂഹത്തെയും നന്മയിലേക്കു രൂപാന്തരപ്പെടുത്തുവാൻ കഴിയും എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. അതിനവരെ

പ്രാപ്തരാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നസ്രാണി ശക്തീകരണ പ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദു. അങ്ങനെ പൂർണമായും ക്രൈസ്തവമായി ശക്തീകരിക്കപ്പെട്ട നസ്രാണികളിലൂടെ ലോകത്തെയാകെ മിശിഹായിൽ നവീകരിക്കുവാൻ തീവ്രമായി ആഗ്രഹിക്കുകയും, അതിനായി തീഷ്ണമായി പ്രവർത്തിക്കുകയും ചെയ്തിരുന്ന പുണ്യധനനായിരുന്ന ഒരു വൈദികശ്രേഷ്ഠനായിരുന്നു ധന്യൻ തോമ മെത്രാനെന്നു അദ്ദേഹത്തിന്റെ അജപാലനരീതികളെ സസൂഷ്മം പരിശോധിച്ചു നോക്കുന്ന ആർക്കും മനസിലാവും.

വിശുദ്ധ കുർബാനയും ദിവ്യകാരുണ്യ ആരാധനയുമായിരുന്നു ദൈവജനത്തെ ശക്തീകരിക്കുവാൻ അദ്ദേഹം പ്രധാനമായും ഉപയോഗിച്ചത്. അനന്യമായിരുന്ന ദിവ്യകാരുണ്യഭക്തിയായിരുന്നു ധന്യൻ കുര്യാളശേരി തോമ മെത്രാന്റെ വിശുദ്ധിയുടെ മുഖമുദ്ര. മറ്റു മതവിഭാഗങ്ങളുടേതിൽനിന്നും വ്യത്യസ്തമായി ക്രൈസ്തവരുടെ പ്രാർത്ഥനകളുടെ ആത്യന്തികമായ വിശുദ്ധ ലക്ഷ്യം, മറ്റൊരു മിശിഹായായി രൂപാന്തരപ്പെട്ടു ഭൂമിയിൽ സ്വർഗത്തിന് സാക്ഷ്യം നൽകുക എന്നതാണെന്ന ബോധ്യത്തിൽ നിന്നും ഉയിർകൊണ്ടതായിരുന്നു അദ്ദേഹത്തിന്റെ നസ്രാണി ശക്തീകരണ പ്രവർത്തനങ്ങളെല്ലാം. ഒരുവനെ ക്രൈസ്തവ രൂപാന്തരീകരണത്തിനു പ്രാപ്തമാക്കാനുള്ള ഏക മാർഗം സഭയുടെ അത്യുന്നത പ്രാർഥനയായ വിശുദ്ധ കുർബാന ആണെന്ന് അദ്ദേഹം കണ്ടു. അതുകൊണ്ടു തന്നെ നസ്രാണികളുടെ തനതായ കുർബാന അർപ്പണരീതിയും, പരിശുദ്ധ കുർബാന കേന്ദ്രീകൃതമായ ജീവിതവും, ദിവ്യകാരുണ്യ ആരാധനയും ആഴമായ ദൈവാനുഭവങ്ങളിലേക്കു അവനെ നയിക്കേണ്ടുന്ന ശക്തി സ്രോതസ്സുകളായി അദ്ദേഹം കണ്ടു. അങ്ങനെ വിശുദ്ധ കുർബാനയിലുള്ള സജീവമായ ഭാഗഭാഗിത്വവും ദിവ്യകാരുണ്യഭക്തിയും നസ്രാണി സമൂഹത്തിൽ ശക്തമാക്കുന്നതിനുള്ള നടപടികൾ തന്റെ രൂപതയിൽ അദ്ദേഹം നിർബന്ധമാക്കി.

അപ്പവും വീഞ്ഞുമായി വിശുദ്ധ കുർബാനയിലൂടെ വിനീതനായി നമ്മിലേക്ക് വരുന്ന ദിവ്യനാഥൻ നമ്മുടെയുള്ളിൽ പ്രവേശിച്ചു നമ്മെ രൂപാന്തരപ്പെടുത്തുവാനാണ് ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം പഠിപ്പിച്ചു. 'വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും മാത്രമല്ല, കുർബാന അർപ്പിച്ച വൈദികനും കുർബാന സ്വീകരിച്ച വിശ്വാസിയും മിശിഹായായി രൂപാന്തരപ്പെടുന്നു' എന്ന പിതാവിന്റെ പ്രബോധനം ഇത് വ്യക്തമാക്കുന്നു. ഓരോ വിശുദ്ധ കുർബാനയിലും സ്വയം മിശിഹായായി രൂപാന്തരപ്പെട്ടു സത്യത്തിനു സാക്ഷികളായി തീരേണ്ടവരായതിനാൽ, വിശുദ്ധ ജീവിതം നയിച്ച് ഓരോ കുർബാന അർപ്പണത്തിനും മുൻപ് പ്രാർത്ഥിച്ചും ധ്യാനിച്ചും അതിനായി വേണ്ടവണ്ണം ഒരുങ്ങേണ്ടതാണെന്നു വൈദികരെ ഉദ്ബോധിപ്പിക്കുവാൻ തന്റെ മേൽപ്പട്ട ശുശ്രൂഷാ കാലയളവിൽ എപ്പോഴും ധന്യൻ കുര്യാളശേരി തോമാ മെത്രാൻ പരിശ്രമിച്ചിരുന്നു എന്ന് ചരിത്രത്തിൽ വായിക്കുമ്പോഴാണ് എന്തായിരുന്നു അദ്ദേഹത്തിന്റെ സമുദായ ശക്തീകരണ മന്ത്രം എന്ന് മനസ്സിലാകൂ.

ധന്യൻ തോമ മെത്രാന്റെ ജീവിതത്തെയും ദിവ്യകാരുണ്യഭക്തിയെയും വേണ്ടവണ്ണം അപഗ്രഥിച്ചു പഠിച്ച ഡോ. പോൾ പാള്ളത്തച്ചൻ പറയുന്നത് പിതാവിന്റെ ദിവ്യകാരുണ്യഭക്തിക്ക് മൂന്നു തലങ്ങൾ ഉണ്ടായിരുന്നു എന്നാണ്. അതായത് ആഘോഷമായുള്ള കുർബാനയർപ്പണം, വലിയ ഭക്തിയോടുള്ള ദിവ്യകാരുണ്യ ആരാധന, അതിൽനിന്നുളവാകുന്ന ശക്തിയോടുള്ള സ്നേഹം നിറഞ്ഞ ഉപവി

പ്രവർത്തനം എന്നിവയായിരുന്നു ആ മൂന്ന് തലങ്ങൾ. ഈ മൂന്നുതലങ്ങളിലും നിറഞ്ഞു നിന്നുകൊണ്ടു മാത്രമേ വിശുദ്ധ ക്രൈസ്തവ ജീവിതം കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളു എന്ന് വിശ്വസിക്കുകയും, പഠിപ്പിക്കുകയും സ്വന്തം ജീവിതം കൊണ്ട് കാണിച്ചുതരികയും ചെയ്യാൻ പിതാവിന് സാധിച്ചു.

അങ്ങനെ നമ്മുടെ പൂർവികരായ നസ്രാണി സമൂഹത്തെ അദ്ദേഹം ക്രൈസ്തവികതയിൽ ശക്തീകരിച്ചു. ആഘോഷമായി അർപ്പിച്ച വിശുദ്ധ കുർബാനയിലൂടെ സ്വന്തമാക്കിയ മിശിഹാ തമ്പുരാനെ നിരന്തരമായ ആരാധനയും പ്രാർഥനയും ഇല്ലാതെ വിശുദ്ധ പ്രവർത്തികൾക്കായി നമ്മിൽ നിലനിർത്താൻ സാധിക്കുകയില്ല എന്ന് അദ്ദേഹം പഠിപ്പിച്ചു. മിശിഹായുടെ - വിശുദ്ധ കുർബാനയുടെ - സാന്നിധ്യത്തിൽ രൂപാന്തരപ്പെടുവാൻ കഴിയാത്തവർ ഫലം തരാത്ത അത്തിമരത്തെപോൽ പ്രയോജനരഹിതർ ആയിരിക്കും എന്നദ്ദേഹം കണ്ടു. ആഘോഷമായ കുർബാന അർപ്പണത്തിലൂടെയും ആരാധനയിലൂടെയും സ്വയം നേടിയ കർത്താവിനെ നിരന്തരം കണ്ടു സന്തോഷിക്കാനും, അവനുമായി സംവദിക്കാനും സാധിച്ചിരുന്ന പിതാവിന്, അവനെപ്പോലെ, അവൻ പറയുന്ന പോലെ വിശുദ്ധമായി ജീവിച്ചു വിശുദ്ധ പ്രവർത്തികൾ ചെയ്യാനും അതേരീതിയിൽ നസ്രാണികളെ ക്രൈസ്തവമായി ശക്തീകരിക്കുവാൻ പരിശ്രമിക്കാനും കഴിഞ്ഞു.

> താൻ ആസ്വദിച്ച ആരാധന അനുഭവങ്ങൾ ലോകാവസാനം വരെ നസ്രാണികൾക്കു നൽകി അവരെ ശാക്തീകരിക്കുവാൻ അദമ്യമായി ആഗ്രഹിച്ചിരുന്നതിന്റെ പരിണിത ഫലമാണ് അദ്ദേഹം രൂപം കൊടുത്ത വിശുദ്ധ കുർബാനയുടെ ആരാധന സന്യാസിനീ സമൂഹം. അവരിലൂടെ താൻ പഠിപ്പിച്ചതുപോലെ, എന്നും, എവിടെയായിരുന്നാലും, ലോകമെങ്ങും നസ്രാണി സമൂഹങ്ങൾ ക്രൈസ്തവമായി ശാക്തീകരിക്കപ്പെടണമെന്നു അദ്ദേഹം ആഗ്രഹിച്ചു.

താൻ ആസ്വദിച്ച ആരാധന അനുഭവങ്ങൾ ലോകാവസാനം വരെ നസ്രാണികൾക്കു നൽകി അവരെ ശക്തീകരിക്കുവാൻ അദമ്യമായി ആഗ്രഹിച്ചിരുന്നതിന്റെ പരിണിത ഫലമാണ് അദ്ദേഹം രൂപം കൊടുത്ത വിശുദ്ധ കുർബാനയുടെ ആരാധന സന്യാസിനീ സമൂഹം. അവരിലൂടെ താൻ പഠിപ്പിച്ചതുപോലെ, എന്നും, എവിടെയായിരുന്നാലും, ലോകമെങ്ങും നസ്രാണി സമൂഹങ്ങൾ ക്രൈസ്തവമായി ശക്തീകരിക്കപ്പെടണമെന്നു അദ്ദേഹം ആഗ്രഹിച്ചു. ഏതു തരം സാമൂഹിക പ്രവർത്തനങ്ങൾ നടത്തുമ്പോഴും ആധ്യാത്മിക നവീകരണം നിർബന്ധമാക്കിയിരുന്നു പിതാവ്. തന്റെ രൂപതയിലെ പള്ളികളിലും സ്കൂളുകളിലും ദിവ്യകാരുണ്യ ആരാധനയ്ക്കുള്ള അവസരങ്ങൾ ഉറപ്പാക്കിയിരുന്നു അദ്ദേഹം. അല്മയരും കുട്ടികളും മാത്രമല്ല, വൈദികരും സന്യസ്തരും നിരന്തരം ആരാധനയിൽ പങ്കുകൊണ്ടു ക്രൈസ്തവമായി സ്വയം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ശക്തീകരണ മാതൃക.

നസ്രാണികളെ കേവലം ഒരു ജാതിയായോ വർഗമായോ കാണാൻ വിശുദ്ധനായ പിതാവിന് സാധിക്കുമായിരുന്നില്ല. അതുകൊണ്ടുതന്നെ, അന്നത്തെ നസ്രാണി സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളെ ഉന്മൂലനം ചെയ്തു യഥാർത്ഥ ക്രൈസ്തവ സഹോദര്യത്തിലൂടെയുള്ള ശക്തീകരണം അവർക്കു നൽകുവാൻ നന്നായി പരിശ്രമിച്ചു അദ്ദേഹം. നസ്രാണികളിലെ ദളിത് സമൂഹങ്ങളെ സ്വസഹോദരങ്ങളായി കരുതി അവർക്കും സഭയിൽ തുല്യ

പ്രാധാന്യം നൽകിയുള്ള ശക്തീകരണത്തിന് മാത്രമേ അദ്ദേഹത്തിന്റെ പിന്തുണ ഉണ്ടായിരുന്നുള്ളൂ.

മദ്യപാനവും അതുപോലെയുള്ള എല്ലാ മയക്കുമരുന്ന് ഉപയോഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ വിട്ടുനിൽകണമെന്നും, തരംതാണ പ്രസിദ്ധീകരണവായനകൾ അവർക്കു അനുവദനീയമല്ലെന്നും ശക്തിയുക്തം പഠിപ്പിച്ചു അദ്ദേഹം. 'മദ്യം കുടിക്കരുത്, ഉണ്ടാക്കരുത്, വിതരണം ചെയ്യരുത്, മദ്യപാനത്തിന് ആരെയും പ്രേരിപ്പിക്കരുത്' എന്നതായിരുന്നു ക്രൈസ്തവ ശക്തീകരണത്തിനായുള്ള അദ്ദേഹത്തിന്റെ നിലപാട്. നല്ല വായനയെ പ്രോത്സാഹിപ്പിച്ചു ക്രൈസ്തവ ശക്തീകരണം സാധിക്കുന്നതിലേക്കായി സാന്മാർഗികമായും ധൈക്ഷണികമായും ഉന്നത നിലവാരം പുലർത്തുന്ന ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. അതുവഴിയായി പൊതുസമൂഹത്തിൽ പരസ്പര വിശ്വാസവും, ഐക്യവും, സ്നേഹവും വളർത്തിയെടുത്തു സമൂഹത്തെയൊന്നാകെ ശക്തീകരിക്കുവാൻ പിതാവ് ആഗ്രഹിച്ചു.

തന്റെ വിശുദ്ധിയിൽ ഓരോ വിശ്വസിയെയും നേരിട്ട് സ്വാധീനിച്ചു രൂപാന്തരപ്പെടുത്തുവാൻ ആഗ്രഹിച്ചിരുന്ന പിതാവ് ഇടവക സന്ദർശനത്തിന് വലിയ പ്രാധാന്യമാണ് മേല്പട്ട ശുശ്രൂഷയിൽ നൽകിയത്. കേവലം പന്ത്രണ്ടര വർഷത്തെ ചുരുങ്ങിയ കാലയളവിൽ എല്ലാ ഇടവകകളിലും മൂന്നു പ്രാവശ്യം സന്ദർശനം പൂർത്തിയാക്കാൻ പിതാവിന് കഴിഞ്ഞു എന്നത് അതിനു സാക്ഷ്യം നൽകുന്നു. തന്റെ ഇടവക സന്ദർശനത്തിന് മുന്നോടിയായി എല്ലാ കത്തോലിക്കാ കുടുംബങ്ങളും കുമ്പസാരിച്ചു ഒരുങ്ങണമെന്നും, ദുശീലങ്ങൾ ഉള്ളവർ അതിൽനിന്നും പിന്മാറണമെന്നും താൻ വരുമ്പോൾ കുർബാനസ്വീകരിച്ചിരിക്കണമെന്നും നിർബന്ധിച്ചിരുന്ന പിതാവ് എങ്ങനെയാണു നസ്രാണി ശക്തീകരണം സാധ്യമാക്കിയതെന്നു വേറെ പറയേണ്ടതില്ലല്ലോ.

ആത്മീയമായി നസ്രാണികളെ ശക്തീകരിക്കുകയെന്നതായിരുന്നു ധന്യൻ കുര്യാളശേരി പിതാവിന്റെ മുഖ്യപരിശ്രമം എങ്കിലും അവരുടെ ഭൗതികമായ ശക്തീകരണത്തിലും അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. അന്നത്തെ നസ്രാണി സമൂഹത്തിൽ തീർത്തും ശുഷ്കമായിരുന്ന വിദ്യാഭ്യാസ സാധ്യതകളെ, പ്രത്യേകിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ സാധാരണക്കാർക്ക് ലഭ്യമാക്കുക എന്നത് തന്റെ ജീവിത ദൗത്യമായി അദ്ദേഹം ഏറ്റെടുത്തിരുന്നു. നസ്രാണികളെ ആത്മീയമായി നവീകരിക്കണമെങ്കിലും വിദ്യാഭ്യാസം അനിവാര്യമായിരിക്കുന്നു എന്ന് അദ്ദേഹം മനസിലാക്കി. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ധാരാളം സ്കൂളുകളും ബോർഡിങ്ങുകളും സ്ഥാപിച്ചു. വിശുദ്ധ ജീവിതത്തിനുടമയായിരുന്ന ക്രാന്തദർശിത്വത്തിൽ കേരളത്തിലെ പൊതുസമൂഹത്തിനും, പ്രത്യേകിച്ച് നസ്രാണികൾക്കും കൈവന്ന ഏറ്റവും വലിയ ഭാഗ്യമായിരുന്നു ചങ്ങനാശേരി സെന്റ് ബെർക്കുമൻസ് കോളേജിന്റെ സ്ഥാപനം. ഇങ്ങനെ നാനാവിധമായ വിദ്യാഭ്യാസ സാധ്യതകൾ തുറന്നുകൊടുക്കുകവഴി നസ്രാണികൾ ആത്മീയമായും, ഭൗതികമായും, ബൗദ്ധികമായും ശക്തീകരിക്കപ്പെടുന്നതിനു നേതൃത്വം നൽകുവാൻ പിതാവിന് കഴിഞ്ഞു. പ്രത്യേകിച്ചു മൂല്യബോധമുള്ള യുവതലമുറയെ വാർത്തെടുക്കുകവഴി നസ്രാണി സമൂഹത്തിന്റെയും കേരളത്തിലെ പൊതുസമൂഹത്തിന്റെയും സർവ്വോന്മുഖമായ നവീകരണത്തിനും പുനഃസൃഷ്ടിക്കും കരുത്തേകാൻ അദ്ദേഹത്തിനായി.

ചങ്ങനാശേരി രൂപതയുടെ കാലാനുസൃതമായ വളർച്ചക്കും പുരോഗതിക്കും നേതൃത്വം കൊടുക്കുവാൻ വന്ദ്യ പിതാവിന് കഴിഞ്ഞിരുന്നു. താൻ സാരഥ്യം ഏറ്റെടുക്കുമ്പോൾ വെറും തൊണ്ണൂറ്റിനാല് പള്ളികളാണ് രൂപതയ്ക്കുണ്ടായിരുന്നതെങ്കിൽ, തന്റെ അജപാലന കാലഘട്ടത്തിൽ അത് 114 ആയി വർധിപ്പിക്കുവാൻ ധന്യൻ തോമ മെത്രാന് സാധിച്ചിരുന്നു. അതോടൊപ്പം അനേകം കുരിശുപള്ളികളും, കപ്പേളകളും, സന്യാസഭവനങ്ങളും ആരംഭിക്കുന്നതിന് നേതൃത്വം കൊടുക്കുവാനും അദ്ദേഹത്തിനായി. അങ്ങനെ സൂക്ഷ്മമായി പരിശോധിച്ചാൽ സമുദായ ശക്തീകരണമെന്നത് കേവലം നസ്രാണികളെ ഒരു ജാതിയായി കരുതി അവർക്കു സാമ്പത്തികമായും സാമൂഹികമായും സുസ്ഥിതി ഉണ്ടാക്കുക എന്ന ചെറിയ തലത്തിന് ഉപരിയായി അവർക്കു ശരിയായ ക്രൈസ്തവ ബോധ്യം നൽകി അവരെ ലോകത്തിന്റെ വിളക്കും ഭൂമിയുടെ ഉപ്പുമാക്കി തീർത്തു പൊതുസമൂഹത്തെ മൊത്തത്തിൽ ശക്തീകരിക്കുക എന്നതായിരുന്നു പിതാവിന്റെ കാഴ്ചപ്പാട്.

കേവലം രാഷ്ട്രീയമായും, സാമ്പത്തികമായും ശക്തീകരിക്കപ്പെടുക എന്ന ഒരു ലക്ഷ്യം മാത്രം വച്ച് പ്രവർത്തിച്ചാൽ തങ്ങളെ ഏല്പിച്ചിരിക്കുന്ന സുവിശേഷ ദൗത്യം മറന്നു ഉറ നഷ്ടപ്പെട്ട ഉപ്പുപോലെ പുറത്തു ചവിട്ടപ്പെടുവാൻ മാത്രമേ നസ്രാണികൾ ഉപകരിക്കപ്പെടു എന്ന് പിതാവിന് നല്ല ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ക്രൈസ്തവശക്തീകരണമെന്നത് ക്രൈസ്തവമായി ജീവിക്കാനുള്ള കരുത്തും ധൈര്യവും പകരലാണെന്ന ഉറച്ച ബോധ്യത്തിൽ തന്റെ അജഗണങ്ങളായ നസ്രാണികളെ വിശ്വാസത്തിൽ ശക്തീകരിക്കുവാൻ വന്ദ്യ പിതാവിനായി. വിശുദ്ധനായി ജീവിച്ചു നമുക്ക് നല്ല മാതൃക നൽകിയ ധന്യൻ കുര്യാളശേരി തോമ മെത്രാൻ എത്രയും പെട്ടെന്ന് വിശുദ്ധപദവിയിലേക്കുയർത്തപ്പെടട്ടെ എന്നും, അദ്ദേഹം നൽകിയ വിശ്വാസബോധ്യത്തിൽ വളർന്നു ക്രൈസ്തവമായി ശക്തീകരിക്കപ്പെടുവാനുള്ള ഭാഗ്യം നമുക്കും സാധിക്കാൻ അദ്ദേഹത്തോട് മാധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യാം.

## ഇടവകയുടെ നന്ദിയും ആശംസയും...





**നമ്മുടെ ഇടവകയുടെ പാരീഷ്ഹാൾ മാനേജരായി ശുശ്രൂഷ ചെയ്ത പി.സി. കുഞ്ഞപ്പൻ പുത്തൻപറമ്പിലിന് നന്ദിയും പുതിയ മാനേജരായി ചുമതലയേറ്റ അരുൺ ടോം തോപ്പിലിന് ആശംസയും...**

# അരികെ അണയാതെ...



**സി. സ്റ്റെല്ലാമരിയ വളയനാനിക്കൽ SABS**
വിമല മാതാ പ്രോവിൻസ്, താമരശ്ശേരി

സ്നേഹത്തിൽ ചാലിച്ച ജീവന്റെ രൂപത്തെ
സ്നേഹത്തിൻ കരുണ തൻ ജന്മമാക്കി
മീനച്ചിലാറിന്റെ ഓളങ്ങൾ പോലെയാ
മഹനീയ തനുവും ശാന്തമാം ബാല്യവും
തൊടിയിലെ പൊടിയിലും തളിരിട്ട ഇലയിലും
തൊട്ടുണർന്നു തന്റെ സുകൃതത്തിൻ യൗവനം
കന്യകാമാതാവിൻ ജപമാല മണികളിൽ
കോർത്തൊരു ബാല്യവും ശൈശവം പോൽ
കരുണതൻ രൂപത്തെ അൾത്താരമേശയിൽ
കണ്ടുതൻ ജീവിതം ബലിയാക്കി താൻ
ഉയിരേകുവാൻവേണ്ടി അപ്പമായ് തീർന്നോനു
ഉടലേകി ഹൃദയവും ഉയിരുമേകി
തൻ കരത്തിൽ വന്നോരു അപ്പമാം ഭോജ്യത്തെ
തൻ കരത്താൽ വാഴ്ത്തി ദൈവമാക്കി
അജഗണത്തിൻ മണമറിയുന്ന ഇടയനായ്
അജപാലകർക്കുമീ ശ്രേഷ്ഠ പുരോഹിതൻ
കുർബാനയപ്പത്തിൽ, തൻ പ്രിയ ദൈവത്തെ
കൺകുളിർക്കെ കണ്ടു രാത്രിയാമങ്ങളിൽ
ആരാധനയോടെ ഏകാഗ്രതയോടെ
ആത്മന്റെ തിരുമുൻപിൽ മുട്ടുകുത്തി
തിരുവോസ്തിയിൽ വരും തിരുനാഥനായിതാ
തിരുമുൻപിൽ പാണികൾ കൂപ്പി നിന്നു
കൺകുളിർക്കെ കണ്ട നാഥന്റെ പൊൻമുഖം
കരയുന്ന തനയരിൽ കണ്ടു താതൻ
ആത്മനെ ആയുധമാക്കിയ താതനാ
ആർത്തലച്ച ജലം ശാന്തമാക്കി
പടരുന്ന രോഗത്തിൻ എരിയുന്ന തീവ്രത
പരിശുദ്ധ കുർബാന ശാന്തമാക്കി
ഒടുവിലാ താതന്റെ സ്വപ്നം പോൽ ഭൂവിലും
ഒരു ഗണം സ്വർഗത്തിൻ മാലാഖമാർ പോലെ
അന്നുമിന്നും താതൻ പ്രേഷിതൻ ധന്യനും
അപ്പത്തിൽ വാഴുന്ന കർത്തനും മനുജനും



02 ഫാമിലി ഗൈഡ്

തയ്യാറാക്കിയത്
ഫാ. തോമസ് തെങ്ങംപള്ളിൽ





# Be HAPPY & Make Happy

> യഥാർത്ഥ സന്തോഷം എന്നത് മനുഷ്യന് ഭക്ഷണവും വീടും വിദ്യാഭ്യാസവും മാത്രം കിട്ടുന്ന ഒന്നല്ല, നമ്മുടെ അദൃശ്യമായ വൈകാരിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിലൂടെയാണ് ഉണ്ടാകുന്നത്.

നമ്മുടെ ജീവിതയാത്രയിൽ സന്തോഷം എന്നത് കേവലം ഒരു ലക്ഷ്യം മാത്രമല്ല, അത് നാം തിരഞ്ഞെടുക്കുന്ന ഒരു പാത കൂടിയാണ്. "Be Happy & Make Happy" എന്ന ലളിതമായ തത്വം ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ അത് നമുക്കും നമുക്ക് ചുറ്റുമുള്ളവർക്കും വലിയ മാറ്റങ്ങൾ സമ്മാനിക്കും.

എന്നാൽ യഥാർത്ഥ സന്തോഷം എന്നത് മനുഷ്യന് ഭക്ഷണവും വീടും വിദ്യാഭ്യാസവും മാത്രം കിട്ടുന്ന ഒന്നല്ല, നമ്മുടെ അദൃശ്യമായ വൈകാരിക ആവശ്യങ്ങൾ (Psychological Needs) നിറവേറ്റപ്പെടുന്നതിലൂടെയാണ് ഉണ്ടാകുന്നത്. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും—ശൈശവം മുതൽ വാർദ്ധക്യം വരെ—നമ്മുടെ മനസ്സ് ചില പ്രത്യേക കാര്യങ്ങൾ ആഗ്രഹിക്കുന്നുണ്ട്. ഈ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവ നിറവേറ്റുമ്പോൾ നമ്മൾ കൂടുതൽ സന്തോഷവാന്മാരാകുന്നു. ആ സന്തോഷം സ്വാഭാവികമായും മറ്റുള്ളവരിലേക്ക് പകരുകയും അവരെയും സന്തോഷിപ്പിക്കാൻ നമുക്ക് സാധിക്കുകയും ചെയ്യുന്നു.

ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും നമ്മുടെ മനസ്സ് തേടുന്ന ആ അദൃശ്യമായ ആവശ്യങ്ങൾ എന്തൊക്കെയാണെന്നും, അവ എങ്ങനെ നമ്മുടെയും മറ്റുള്ളവരുടെയും സന്തോഷത്തെ സ്വാധീനിക്കുന്നുവെന്നും നമുക്ക് നോക്കാം. ഇത് മനസ്സിലാക്കുന്നത് മാതാപിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിനും മറ്റുള്ളവരോട് കൂടുതൽ കരുണയോടെ പെരുമാറാൻ സഹായകമാകും.

### 1. ശൈശവം (0–2 വയസ്സ്): സുരക്ഷിതത്വവും വിശ്വാസവും

ഒരു കുഞ്ഞ് ജനിച്ച് വീഴുമ്പോൾ മറ്റുള്ളവരെ പൂർണ്ണമായും ആശ്രയിച്ചാണ് കഴിയുന്നത്. ഈ സമയത്ത് അവർക്ക് വേണ്ടത് സുരക്ഷിതബോധമാണ്. കുഞ്ഞ് കരയുമ്പോഴും മറ്റും സ്നേഹത്തോടെയും കരുതലോടും കൂടി നമ്മൾ പ്രതികരിക്കുമ്പോൾ, കുട്ടിയിൽ ഒരു വിശ്വാസം വളരും: "ഈ ലോകം സുരക്ഷിതമാണ്,

എനിക്ക് മറ്റുള്ളവരെ വിശ്വസിക്കാം."ഇതാണ് പിൽക്കാലത്ത് അവരുടെ ആത്മവിശ്വാസത്തിന് അടിത്തറയാകുന്നത്. എന്നാൽ ഈ ഘട്ടത്തിൽ വേണ്ടത്ര പരിഗണന കിട്ടാതെ പോയാൽ അത് മുതിർന്നാലും മാറാത്ത പേടിക്കും അരക്ഷിതാവസ്ഥയ്ക്കും കാരണമാകും.

**2. ബാല്യം (3–6 വയസ്സ്): പ്രോത്സാഹനം**

പ്രോത്സാഹനത്തിന്റെ വില ഈ പ്രായത്തിൽ കുട്ടികൾ എല്ലാം സ്വയം ചെയ്യാൻ ആഗ്രഹിക്കുന്നവരാണ്. അവർക്ക് വേണ്ടത് കാര്യങ്ങൾ പെർഫെക്റ്റ് ആയി ചെയ്യാനല്ല, മറിച്ച് പ്രോത്സാഹനമാണ്.

ഒരു കുട്ടി ചിത്രം വരച്ച് കൊണ്ടുവരുമ്പോൾ അതിലെ തെറ്റുകൾ കണ്ടുപിടിക്കുന്നതിനേക്കാൾ, അവർ ആഗ്രഹിക്കുന്നത് "നന്നായിട്ടുണ്ട്" എന്നൊരു വാക്കാണ്. ഇത് അവരിൽ പുതിയ കാര്യങ്ങൾ ചെയ്യാനുള്ള താല്പര്യം വളർത്തും. അമിതമായി കളിയാക്കുകയോ ശിക്ഷിക്കുകയോ ചെയ്താൽ അവർക്ക് പരാജയഭീതിയും നാണക്കേടും തോന്നിത്തുടങ്ങും.

**3. സ്കൂൾകാലഘട്ടം (7–12 വയസ്സ്): കഴിവ് തെളിയിക്കലും അംഗീകാരവും**

കുട്ടികൾ സ്വയം മറ്റുള്ളവരുമായി താരതമ്യം ചെയ്യാൻ തുടങ്ങുന്ന പ്രായമാണിത്. "എനിക്ക് ഇതിന് കഴിയുമോ?" എന്ന ചോദ്യം അവരുടെ ഉള്ളിലുണ്ടാകും. പഠനത്തിലും സ്പോർട്സിലും സൗഹൃദങ്ങളിലും അവർക്ക് അംഗീകാരം വേണം. ഉദാഹരണത്തിന്, പരീക്ഷയിൽ മാർക്ക് കുറഞ്ഞ കുട്ടിയോട് "നീ ഒന്നിനും കൊള്ളില്ല" എന്ന് പറയുന്നതിന് പകരം "സാരമില്ല, നമുക്ക് ഒന്നുകൂടി ശ്രമിക്കാം" എന്ന് പറയുന്നത് അവരിൽ വലിയ മാറ്റമുണ്ടാക്കും. ഈ ഘട്ടത്തിൽ ഒറ്റപ്പെടുത്തുന്നതും ബുള്ളിയിംഗും (Bullying) കുട്ടികളുടെ ആത്മവിശ്വാസത്തെ സാരമായി ബാധിക്കും.

**4. കൗമാരം (13–18 വയസ്സ്): സ്വന്തമായൊരു വ്യക്തിത്വവും ബഹുമാനവും**

കൗമാരക്കാർ തങ്ങൾ ആരാണെന്ന് കണ്ടെത്താൻ ശ്രമിക്കുന്ന തിരക്കിലായിരിക്കും. അവർ ആഗ്രഹിക്കുന്നത് ഇവയാണ്:

- സ്വന്തമായൊരു വ്യക്തിത്വം (Identity)
- സ്വാതന്ത്ര്യം
- കൂട്ടുകാരുടെ ഇടയിലുള്ള അംഗീകാരം
- ബഹുമാനം - വീട്ടുകാർ എല്ലാ കാര്യങ്ങളിലും അനാവശ്യമായി ഇടപെടുകയും നിയന്ത്രിക്കുകയും ചെയ്യുമ്പോൾ അവർ എതിർക്കുന്നത് മാതാപിതാക്കളോടുള്ള ദേഷ്യം കൊണ്ടല്ല, മറിച്ച് തങ്ങളുടേതായ ഒരു ഇടം ഉണ്ടാക്കാൻ വേണ്ടിയാണ്. അവരെ ശ്വാസം മുട്ടിക്കാതെ, മാന്യതയോടെ ഉപദേശിക്കുകയാണ് വേണ്ടത്.

**5. യുവത്വം (19–30 വയസ്സ്): ലക്ഷ്യബോധവും പിന്തുണയും**

ജോലി, വിവാഹം, സാമ്പത്തിക ഭദ്രത എന്നിവയെക്കുറിച്ച് ചിന്തിച്ച് തുടങ്ങുന്ന പ്രായം. സമൂഹമാധ്യമങ്ങളിലെ മറ്റുള്ളവരുടെ ജീവിതവുമായി സ്വന്തം ജീവിതത്തെ താരതമ്യം ചെയ്ത് ഇവർക്ക് വലിയ രീതിയിൽ ഉത്കണ്ഠ (Anxiety) ഉണ്ടാകാറുണ്ട്. പുറമെ കാണുന്ന വിജയം മാത്രമല്ല, ഉള്ളിൽ അവർക്ക് വേണ്ടത് ശരിയായൊരു ദിശാബോധവും വൈകാരികമായ പിന്തുണയുമാണ്.

**6. മധ്യവയസ്സ് (31–50 വയസ്സ്):ജീവിതത്തിന്റെ അർത്ഥം**

കുടുംബം, ജോലി, സാമ്പത്തിക ബാധ്യതകൾ എന്നിങ്ങനെ ഒരുപാട് കാര്യങ്ങൾ ഒരേസമയം ഇവർക്ക് നോക്കേണ്ടി വരുന്നു. "എന്റെ ജീവിതം കൊണ്ട് എന്തെങ്കിലും ഉപകാരമുണ്ടോ?" എന്ന ചിന്ത പലരിലും ഉണ്ടാകും. പണം ഉണ്ടാകുമെങ്കിലും പലർക്കും ഉള്ളിൽ ഒരു ശൂന്യത അനുഭവപ്പെടാറുണ്ട്. ഈ ഘട്ടത്തിൽ അവർക്ക് വേണ്ടത് പങ്കാളിയുടെയും കുടുംബത്തിന്റെയും സ്നേഹവും താൻ ചെയ്യുന്ന കാര്യങ്ങൾക്കുള്ള അംഗീകാരവുമാണ്.

**7. പിൽക്കാല മുതിർന്ന പ്രായം (51–65 വയസ്സ്): താൻ ഇന്നും ആവശ്യമാണെന്ന തോന്നൽ**

മക്കൾ സ്വന്തം കാലിൽ നിൽക്കാൻ തുടങ്ങുകയും ജോലിയിൽ നിന്ന് വിരമിക്കൽ അടുക്കുകയും ചെയ്യുമ്പോൾ, പലർക്കും ഒരു തരം ഒറ്റപ്പെടൽ തോന്നും. "എന്നെ ഇനി ആർക്കെങ്കിലും വേണോ?" എന്ന ചിന്ത അവരെ അലട്ടും. അവരുടെ അനുഭവങ്ങൾ ചോദിച്ചറിയുന്നതും ഉപദേശങ്ങൾ തേടുന്നതും അവരെ മാനസികമായി സന്തോഷിപ്പിക്കും.

**8. വാർദ്ധക്യം (65+ വയസ്സ്): അന്തസ്സും ബന്ധങ്ങളും സമാധാനവും**

ശാരീരികമായ അവശതകളേക്കാൾ വയോധികരെ വേദനിപ്പിക്കുന്നത് "താൻ ഇനി ആർക്കും വേണ്ടാത്തവനായി" എന്ന തോന്നലാണ്. അവരെ ചേർത്തുപിടിക്കാനും കേൾക്കാനും ആളുണ്ടാവുക എന്നത് പ്രധാനമാണ്. മാന്യമായ പരിചരണവും സമാധാനവുമാണ് ഈ ഘട്ടത്തിൽ ഒരാൾക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം.

ഈ കാര്യങ്ങൾ തിരിച്ചറിഞ്ഞാൽ നമുക്ക് ചുറ്റുമുള്ളവരോട് കൂടുതൽ സ്നേഹത്തോടെയും കരുണയോടെയും പെരുമാറാൻ സാധിക്കും. അവസാനമായി, ഏതൊരു മനുഷ്യനും ആഗ്രഹിക്കുന്നത് ഇത്രമാത്രം: "ഞാൻ സുരക്ഷിതനാണ്, എനിക്ക് വിലയുണ്ട്, എന്റെ ജീവിതം മറ്റുള്ളവർക്ക് വേണ്ടപ്പെട്ടതാണ്."



കുടുംബകൂട്ടായ്മ ജനറൽ കൺവീനർ ആയി തിരഞ്ഞെടുക്കപ്പെട്ട **റോണി ജോൺ കുരിശിങ്കൽപറമ്പിൽ** ന് മെത്രാപ്പോലീത്തൻ ഇടവകയുടെ

അഭിനന്ദനങ്ങൾ



11 വർഷക്കാലം (2015-2026) ഇടവക കുടുംബകൂട്ടായ്മ ജനറൽ കൺവീനറായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച **ശ്രീ. ജോബി തൂമ്പുങ്കൽ ന്** മെത്രാപ്പോലീത്തൻ ഇടവകയുടെ ഹൃദയം നിറഞ്ഞ

നന്ദി..

## നിയോഗ പ്രാർത്ഥന
## ബൈബിൾ കൺവെൻഷന്റെ വിജയത്തിനായുള്ള പ്രാർത്ഥന

*"കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല."*
*(സങ്കീർത്തനങ്ങൾ 23:1)*

*സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന നിയോഗ പ്രാർത്ഥന. ബൈബിൾ കൺവെൻഷൻ അനുഗ്രഹപൂർണ്ണമാകുവാനും ആത്മീയ ഫലങ്ങളാൽ നിറയുവാനും നമുക്ക് ഒരുമിച്ചു പ്രാർത്ഥിക്കാം.*

കർത്താവായ ഈശോയേ, ഈ കൺവെൻഷനു ഒരുക്കമായി, അതിൽ പങ്കെടുക്കുന്ന ഏവരെയും അങ്ങയുടെ തിരുരക്തത്താൽ വിശുദ്ധീകരിച്ച്, ദൈവ വചനത്താൽ നിറച്ച്, പരിശുദ്ധാത്മാവിനാൽ നയിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ഒരു ദോഷമോ തിന്മയോ അനർത്ഥമോ വരാതെ ഞങ്ങളുടെ കുടുംബങ്ങളെയെല്ലാം കാത്തുപരിപാലിക്കണമേ. ഞങ്ങളുടെ ഇടവകകളെയും, ഇടവകയെ നയിക്കുന്ന വൈദികരെയും, സമർപ്പിതരെയും, സിസ്റ്റേഴ്സിനെയും, മാതാപിതാക്കളെയും, യുവതീ-യുവാക്കളെയും, കുഞ്ഞുങ്ങളെയും, ഈ കൺ വെൻഷനുവേണ്ടി പ്രാർത്ഥിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമേ.

ഈ കൺവെൻഷന്റെ വിജയത്തിനായി ഞങ്ങൾ പ്രാർഥിക്കുന്നു. കുടുംബ ങ്ങളിൽ ദൈവാനുഗ്രഹം നിറയുവാൻ ഇടയാക്കണമേ. സ്നേഹത്തിലും ഐക്യ ത്തിലും കൂട്ടായ്മയിലും മുന്നോട്ടുപോകുവാൻ ഞങ്ങളെ ശക്തരാക്കണമേ.

ആത്മീയമായും ശാരീരികമായും സാമ്പത്തികമായും എല്ലാ മേഖലകളിലും അനുഗ്രഹങ്ങളും കൃപകളും അനുഭവിക്കുവാൻ ഇടയാക്കണമേ. മാനസാന്തര ത്തിന്റെ അനുഭവങ്ങൾ തരണമേ. ദൈവവചനത്തോടും ദൈവത്തോടും ഉള്ള സ്നേഹം വർദ്ധിപ്പിക്കണമേ.

വിശുദ്ധ കുർബാനയെ സ്നേഹിക്കുവാനും ഭക്തിയോടെ വിശുദ്ധ കുർബാ നയിൽ പങ്കെടുക്കുവാനുമുള്ള അനുഗ്രഹവും കൃപയും ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ തലമുറയെ വിശ്വാസത്തിൽ വളർത്തുവാനും കുഞ്ഞുങ്ങൾ ആത്മീ യമായി വളരുവാനും ഇടയാക്കണമേ.

സ്നേഹത്തിലും ഐക്യത്തിലും ജീവിതവിശുദ്ധിയിലും ദൈവിക ചൈതന്യ ത്തിലും ഞങ്ങളെ വളർത്തി, സമുദായത്തെ ശക്തിപ്പെടുത്തുന്ന സാക്ഷികളാ ക്കണമേ.

ആമ്മേൻ.

*പരിശുദ്ധ അമ്മേ, അങ്ങയുടെ തിരുക്കുമാരനോടു*
*ഞങ്ങൾക്കായി മാധ്യസ്ഥം അപേക്ഷിക്കണമേ.*

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

ചങ്ങനാശ്ശേരി സെൻമേരിസ്
മെത്രാപ്പോലീത്തൻ പള്ളിയിൽ

**സീറോ മലബാർ**
**സമുദായ ശാക്തീകരണ**
**വർഷത്തിന്റെ ഭാഗമായി**

**റവ. ഫാ. മാത്യു വയലാമണ്ണിൽ CST**
നയിക്കുന്ന

# നിയോഗ പ്രാർത്ഥന
# ബൈബിൾ
# കൺവെൻഷൻ

**2026 ഓഗസ്റ്റ്**

**8 9 10 11**

തീയതികളിൽ

**വൈകിട്ട്**
**4 മുതൽ 9 വരെ**

ബൈബിൾ
കൺവെൻഷൻ
ദിവസങ്ങളിൽ
കുമ്പസാരത്തിനും
കൗൺസിലിങ്ങിനും
സൗകര്യം
ഉണ്ടായിരിക്കും



**DAILY BLESSING**



പരിഹാരപ്രദക്ഷിണം





കുരിശിന്റെ വഴി





കുമ്പസാരക്കൂട്



മാതൃവേദി-പിതൃവേദി 14 സ്ഥല തീർത്ഥാടനം











നാൽപതുമണി ആരാധന







വയോജന ദിനാചരണം ( ഓശാന ഞായറാഴ്ച )








പെസഹാവ്യാഴം





ദുഃഖവെള്ളി









ഉയിർപ്പ് തിരുനാൾ











## വിശ്വാസോത്സവം





















## ഇതൾ









ആഘോഷമായ കുർബാനസ്വീകരണം





ദീപിക@140



KLM പതാകദിനം



2026-2027 കാലഘട്ടത്തിലേക്ക് കൈക്കാരന്മാരായി ചുമതലയേറ്റ സുബിൻ എം. തോമസ് മതിച്ചിപ്പറമ്പിൽ, പ്രിൻസ് തോമസ് കുറുപ്പൻപറമ്പിൽ, ജിജി തോമസ് പാറക്കടവിൽ എന്നിവർക്ക് ഇടവകസമൂഹത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനയും നേരുന്നു...
ഒപ്പം തന്നെ മുൻകൈക്കാരന്മാരായ എബ്രഹാം കുര്യൻ ഒളശ്ശയിൽ, ചാൾസ് മാത്യു പാലാത്ര, എ.ജെ. ജോസഫ് ആലഞ്ചേരി എന്നിവർക്ക് നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു.



2026-2029 കാലഘട്ടത്തിലെ കൂട്ടായ്മാ ഭാരവാഹികളുടെ സമ്മേളനത്തിൽ ബഹു. ജോർജ് മാന്തുരുത്തി അച്ചൻ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുന്നു.




മെയ് 20 ന് തൃക്കൊടിത്താനം ഫൊറോന പള്ളിയിൽ നടത്തപ്പെട്ട 140-ാം അതിരൂപതാ ദിനാഘോഷത്തിൽ ചങ്ങനാശ്ശേരി വലിയ പള്ളിയുടെ കുരിശുപള്ളിയായ പുഴവാത് സെന്റ് തോമസ് പള്ളിയെ അതിർത്തി തിരിഞ്ഞ കുരിശുപള്ളിയായി ഉയർത്തപ്പെട്ടു.

# ഇടവക കുടുംബത്തിന്റെ ആശംസകൾ...



വ്രതവാഗ്ദാനത്തിന്റെ
സുവർണജൂബിലി ആഘോഷിക്കുന്ന
**റവ. ഫാ. ദേവസ്യാ പ്രശാന്ത് OFM Cap.**



പൗരോഹിത്യ സ്വീകരണത്തിന്റെ
രജതജൂബിലി ആഘോഷിക്കുന്ന
**റവ. ഫാ. മൂലംകുന്നം ജോർജ്**



ഡീക്കൻപട്ടം സ്വീകരിച്ച
**ബ്രദർ ജോസഫ് വട്ടക്കളം**



OFM CONVENTUAL സന്യാസ സമൂഹത്തിൽ
നിത്യവ്രതം നടത്തിയ
**ബ്രദർ അലോഷ് മാറാട്ടുകളം**

കഴിഞ്ഞ
മൂന്നര വർഷക്കാലം
ഗത്സമനി ആശ്രമത്തിലെ
ഗാർഡിയനായി ശുശ്രൂഷ
ചെയ്ത ശേഷം ഉഴവൂർ
ആശ്രമത്തിലേക്ക്
യാത്രയാകുന്ന
ബഹുമാനപ്പെട്ട
**മാത്യു മുളങ്ങശ്ശേരി**
**അച്ചന്** എല്ലാവിധ
ആശംസകളും
പ്രാർത്ഥനകളും...

വ്രതവാഗ്ദാനത്തിന്റെ സുവർണജൂബിലി ആഘോഷിച്ച സി. ബ്രിജിറ്റ് പുരയിടം SABS നും
രജതജൂബിലി ആഘോഷിച്ച സി. അമൽ മരിയ CMC യ്ക്കും സി. സോഫിയ മരിയ CMC യ്ക്കും
**ഇടവകയുടെ പ്രാർഥനാശംസകൾ**



സി. ബ്രിജിറ്റ് പുരയിടം SABS



സി. അമൽ മരിയ CMC



സി. സോഫിയ മരിയ CMC

# 2025-26 അധ്യയനവർഷത്തിൽ SSLC പരീക്ഷയിൽ ഫുൾ A+ നേടിയ ഇടവകാംഗങ്ങളായ വിദ്യാർത്ഥികൾ

നിയ ബിജു
പെരുമ്പള്ളിൽ

എഡ്‌വിൻ റ്റോം ഷെമി
മാറാട്ടുകളം

മരിയ എലിസബത്ത് ജോസി
കരുവേലിത്തറ

അൽഡൻ റ്റിജോ
ഇടക്കരിൽ

ജോൺസ് തോമസ്
കൊടുപ്പുന്ന

തോമസ് മനോജ്
കല്ലുകളം

## വിജയികൾക്ക് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവക കുടുംബത്തിന്റെ

# അഭിനന്ദനങ്ങൾ

## ഇടവക കുടുംബത്തിന്റെ ആശംസകൾ...

നാമഹേതുകത്തിരുനാൾ
ആഘോഷിച്ച
**ബഹു. ഫിലിപ്പ്**
**വൈക്കത്തുകാരൻ അച്ചന്**
തിരുനാൾ മംഗളങ്ങൾ...

64-ാമത്
കേരള കലോത്സവത്തിൽ
ഉറുത് ഗ്രൂപ്പ് സോംഗിൽ
എ ഗ്രയ്ഡ് നേടിയ
**സാദ്രിയ തെരേസ**
**സിറിയക്**

സൺഡേസ്കൂൾ
കലോത്സവത്തിൽ
കലാതിലകമായ
**മെറിൻ ആർ.**
**നടുവിലേപ്പറമ്പിൽ**

സൺഡേസ്കൂൾ
കലോത്സവത്തിൽ
കലാപ്രതിഭയായ
**ലൂക്കാ രാജേഷ്**

# 'എക്സാം കഴിയുമ്പോൾ നീയും ഇവിടെ വരണം'



ധന്യൻ മാർ തോമസ് കുര്യാളശേരിയാൽ സ്ഥാപിതമായ വിശുദ്ധ കുർബാനയുടെ ആരാധന സന്യാസിനിസമൂഹത്തിൽ സുവർണ ജൂബിലി ആഘോഷിച്ച സി. ടെസി വടക്കുംമുറി തന്റെ ദൈവവിളി അനുഭവങ്ങൾ വിവരിക്കുന്നു.

**ചങ്ങനാശ്ശേരി** മെത്രാപ്പോലീത്തൻ പള്ളി ഇടവകാംഗമായ ഞാൻ, വാഴപ്പള്ളി സെന്റ് തെരേസാസ് ഹൈസ്കൂളിൽ പത്താം ക്ലാസ്വരെ പഠിച്ചു. എന്നെ പഠിപ്പിച്ച സിസ്റ്റേഴ്സിനോടെല്ലാം നല്ല അടുപ്പവും സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. പത്താം ക്ലാസിൽ പഠിപ്പിച്ച സിസ്റ്റർ ഇമെൽദ, സിസ്റ്റർ ഗോരേത്തി, എന്നിവരെ ബഹുമാനത്തോടെയും സ്നേഹത്തോടെയും സ്മരിക്കുന്നു. എന്റെ അപ്പന്റെ രണ്ടു സഹോദരിമാർ (സി. അലോഷ്യസും സി. ചെൽസിയൂസും) വിശുദ്ധ കുർബാനയുടെ ആരാധന സന്യാസിനിസമൂഹത്തിലും മറ്റൊരു സഹോദരി (വെറോണിക്ക) മെഡിക്കൽ മിഷൻ സന്യാസിനിസമൂഹത്തിലും ഉണ്ടായിരുന്നു. സി. അലോഷ്യസ് വാഴപ്പള്ളി സെന്റ് തെരേസാസ് ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസും സി. ചെൽസിയൂസ് ക്രാഫ്റ്റ് അധ്യാപികയുമായിരുന്നു. എന്റെ അധ്യാപികമരായ സി. സലേഷ്യാ, സി. ഡിഗ്നാ, സി. തിമോത്തി, സി. ഗ്രാസിയാ, സി. അൻസിൽ ജോർജ്ജിയാ എന്നിവരൊക്കെ പഠിക്കുവാൻ എന്നെ വളരെ അധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഈ ബഹുമാനപ്പെട്ട സഹോദരിമാരുടെ കഠിനാധ്വാനവും മാതൃകാപരമായ പ്രവർത്തനശൈലിയും എന്നെ അധികം സ്വാധീനിച്ചിട്ടുമുണ്ട്.

പത്താം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് എനിക്ക് ആരാധന മഠത്തിൽ ചേരണമെന്ന ഉൾപ്രേരണ ഉണ്ടായത്. സാധാരണയായി ക്ലാസ് ദിവസങ്ങളിൽ രാവിലെ വീട്ടിൽ നിന്നും ഞങ്ങൾ മൂന്ന് നാല് പേർ (എന്റെ ചേച്ചി, സഹോദരൻ, അനുജത്തി എന്നിവർ) കൂടാതെ കസിൻസ് എല്ലാവരും കൂടി, വാഴപ്പള്ളി സെന്റ് തെരേസാസ് യു.പി. സ്കൂൾ അധ്യാപികയായിരുന്ന എന്റെ മൂത്ത സഹോദരി രാജമ്മയോടൊപ്പം 9.30ന് സ്കൂളിൽ എത്തും. പിന്നെ ഞാൻ പല പ്രാവശ്യം പല കൂട്ടുകാരോടൊപ്പം, മഴയാണെങ്കിലും നിത്യാരാധന ചാപ്പലിലേയ്ക്ക് പോകും. വിസീത്ത, ജപമാല ഇവയൊക്കെ ബഹു. ഷന്താളമ്മയുടെ (ആരാധനസഭയുടെ സഹസ്ഥാപകയും പ്രഥമ അംഗവുമായ ദൈവദാസി മദർ മേരി ഫ്രാൻസെസ്കാ ദെ ഷാന്താൾ) നേതൃത്വത്തിൽ ചൊല്ലും. രാവിലെവന്ന് പലപ്രാവശ്യം ഇങ്ങനെ വിസീത്ത നടത്തുന്നതിന് (ക്ലാസ്സിലിരുന്നു വായിച്ചു പഠിക്കാതെ) അന്നത്തെ H.M. ആയിരുന്ന ആന്റി ഇടയ്ക്കു കാണുമ്പോൾ വഴക്കു പറയാറുണ്ടായിരുന്നു.

ഫെബ്രുവരി 14, എന്റെ വല്ല്യപ്പന്റെ മരണവാർഷിക ദിനമാണ്. അതിനോടടുത്ത ഒരു അവധി ദിവസം വാഴപ്പള്ളി നിത്യാരാധന ചാപ്പലിൽ ആരാധന മുടങ്ങാതെ നടത്താറുണ്ടായിരുന്നു. അതിന് വീട്ടിൽനിന്നും എല്ലാവരും തന്നെ

സംബന്ധിച്ചിരുന്നു. വൈകുന്നേരം ആരാധനയുടെ അവസാനത്തെ വാഴ്വിനു ശേഷം മഠത്തിന്റെ പാർലറിൽ ഞങ്ങൾക്ക് കാപ്പിയും തരുമായിരുന്നു. ഈ സമയത്ത്, ഞങ്ങളുടെയൊക്കെ അധ്യാപകരായ സിസ്റ്റേഴ്സ് വന്ന് ഞങ്ങളോടും വീട്ടുകാരോടും സംസാരിച്ചിരുന്നു. ഞങ്ങളുടെ നല്ല കാര്യങ്ങളൊക്കെ വീട്ടുകാരോട് പറഞ്ഞു ഞങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു.

എല്ലാദിവസും വിശുദ്ധ കുർബാന പരസ്യമായി എഴുന്നള്ളിച്ചു വച്ചുകൊണ്ടുള്ള ആരാധനയുടെ സമയം, സിസ്റ്റേഴ്സ് ഈരണ്ടു പേരായി മുന്നിൽ സ്റ്റാൻഡിൽ മുട്ടുകുത്തി നിന്ന് ആരാധിക്കുന്നതും പാട്ട് പാടുന്നതും ഒത്തിരി ഭക്തി ദ്യോതകമായിരുന്നതിനാൽ നോക്കിയിരുന്നുപോകുമായിരുന്നു. ചില സമയങ്ങളിൽ ചാപ്പലിന്റെ മുകളിൽ നിന്ന് ഗായകസംഘം എന്റെ ക്ലാസ് ടീച്ചറായ ബഹുമാനപ്പെട്ട എയ്ഞ്ചൽ മേരിയമ്മയുടെ നേതൃത്വത്തിൽ സ്വർഗീയ ഗാനങ്ങൾ എന്ന് തോന്നുമാറ് ഇൻസ്ട്രുമെൻസിന്റെ അകമ്പടിയോടെ ആലപിക്കുന്ന ഗാനങ്ങൾ, എന്നെ ഒത്തിരി ആകർഷിച്ചിരുന്നു.

എസ്.എസ്.എൽ.സി. എക്സാമിന് മുമ്പുള്ള മോഡൽ എക്സാം നടക്കുമ്പോൾ, ഒരു ദിവസം പള്ളിയിൽ വിസിത്തയ്ക്ക് പോയ സമയത്ത്, പ്രത്യേകമായ ഒരു തോന്നൽ എനിക്ക് ഈശോ തന്നു. 'എക്സാം കഴിയുമ്പോൾ നീയും ഇവിടെ വരണം' എന്ന്. ഞാനത് ആരോടും പറഞ്ഞില്ല. എസ്.എസ്.എൽ.സി. എക്സാം കഴിഞ്ഞ അന്ന്, ഞാൻ ഒരു സിസ്റ്ററിനോട് ചോദിച്ചു, 'മഠത്തിൽ ചേരണമെന്ന് ആഗ്രഹിക്കുന്നവർ ആരോട് ചെന്ന് പറയണം?' അത് ആരാണെന്ന് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, 'ഇവിടെ പഠിക്കുന്ന ചിലർക്കൊക്കെ സിസ്റ്റർ ആയാൽ കൊള്ളാമെന്നുണ്ട്.' ആ സിസ്റ്റർ പറഞ്ഞതനുസരിച്ച് ഞാൻ പാർലറിൽ ചെന്ന് ബെല്ലടിച്ചു. അവിടെ വന്ന സിസ്റ്ററിനോട്, വലിയ മദറിനെ (മദർ പ്രൊവിൻഷ്യൽ) കാണണമെന്ന് പറഞ്ഞു. അന്ന് ആരാധനസഭയുടെ പ്രൊവിൻഷ്യൽ ഹൗസ് വാഴപ്പള്ളിയിലായിരുന്നു. ഇത് കേട്ട് എനിക്ക് ബന്ധമുള്ള ഒരു സിസ്റ്റർ, അടുത്ത് മുറിയിൽ നിന്നുംവന്ന് 'ആഹാ, വലിയ മദറിനെ കാണാൻ എന്താ ഇത്ര അത്യാവശ്യം? അമ്മായിമാരെ ഒന്നും കാണണ്ടേ?' എന്നു ചോദിച്ചു, വേറെ ഒരു അത്യാവശ്യം പറയാനുള്ളതിനാണ് വലിയ മദറിനെ കാണുന്നത് എന്നു പറഞ്ഞു. ഞാൻ കാര്യങ്ങളൊക്കെ വലിയ മദറിനോട് പറഞ്ഞു. മദർ പറഞ്ഞു, 'സന്യാസജീവിതം അത്ര എളുപ്പമൊന്നുമല്ല.' അതിന്റെ രണ്ടു വശങ്ങളും പറഞ്ഞ് മനസ്സിലാക്കി. ഇനി ചാച്ചനോ മറ്റാരെങ്കിലുമോ വന്ന് മദറിനെ കാണാൻ പറഞ്ഞു. വീട്ടിൽ ചെന്ന് പറഞ്ഞപ്പോൾ, ചാച്ചൻ പറഞ്ഞു, 'ധൃതിവയ്ക്കേണ്ട സമയമാകുമ്പോൾ വിടാം.' വിവരം അറിഞ്ഞപ്പോൾ മൂത്ത സഹോദരിയും മൂത്ത സഹോദരനും വലിയ ബഹളം: 'നിനക്കെന്താ ധൃതി. ഞങ്ങളൊക്കെ ഇവിടെ നിൽക്കുന്നുണ്ടല്ലോ' എന്ന് ചേച്ചി പറഞ്ഞു, നിന്നെ ആരാധനാമഠത്തിൽ വിടില്ല, വേണമെങ്കിൽ മെഡിക്കൽ മിഷനിലോ സെന്റ് റീത്താസിലോ പൊയ്ക്കൊള്ളാൻ. അങ്ങനെ അതും കഴിഞ്ഞു.

പ്രീഡിഗ്രിക്ക് ചേരാൻ ഫോറം ചേച്ചിമാർ രണ്ടുപേരും കൂടി വാങ്ങി ഫിൽ ചെയ്തു കൊടുത്തു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ അഡ്മിഷൻ കിട്ടി. അങ്ങനെ രണ്ടുകൊല്ലം കോളേജിൽ പഠിച്ചു. പ്രീഡിഗ്രി പാസായപ്പോൾ ഞാൻ വീണ്ടും വാഴപ്പള്ളി മഠത്തിൽ തനിയെ ചെന്ന് വലിയ മദറിനെ കണ്ടു. പഴയതുപോലെതന്നെ എല്ലാം വിശദീകരിച്ചു തന്നു. അപ്പൻ അല്ലെങ്കിൽ സഹോദരൻ വന്നു മദറിനെ കാണാൻ പറഞ്ഞു. വീട്ടിൽ പറഞ്ഞപ്പോൾ, ചേച്ചി പഴയപോലെ തന്നെ എതിർപ്പുമായി വന്നു. 'ഏതായാലും വാഴപ്പള്ളിയിൽ ചേരേണ്ടാ,

മെഡിക്കൽ മിഷനിൽ അല്ലെങ്കിൽ സെന്റ് റീത്താസിൽ പോയ്ക്കൊള്ളുക' എന്നായി. എനിക്ക് സെന്റ് റീത്താസിൽ ആരെയും അറിയില്ല, അതിനാൽ ഞാൻ പോകത്തില്ല എന്ന് പറഞ്ഞു.

പിന്നീട് എന്നെ നഴ്സിങ്ങിനു വിടാനുള്ള പരിശ്രമം ആയി. അതിനു ഞാൻ സമ്മതിക്കാത്തതിനാൽ B.Sc ക്ക് ഫോറം വാങ്ങി എല്ലാവരുംകൂടി പൂരിപ്പിച്ച് എന്നെ ചാച്ചൻ അസംപഷൻ കോളേജിൽ ചേർത്തു. B.Sc. കഴിഞ്ഞിട്ടും ഇതൊക്കെ തന്നെ. വീട്ടുകാരുടെ പിന്നത്തെ പരിശ്രമം, എന്നെ B.Sc. Nursingനു വിടാനായിരുന്നു. ഞാൻ സമ്മതിക്കാഞ്ഞതിനാൽ, N.S.S. Training Collegeൽ B.Ed.നു അഡ്മിഷനുള്ള ഒരുക്കങ്ങളായി. എന്നാൽ അതും ഞാൻ സമ്മതിക്കാഞ്ഞതിനാൽ നിർത്തി. പിന്നീട് രണ്ടാമത്തെ ചേച്ചിയുടെ കൂടെ ചേച്ചിക്കൂ കൂട്ടിന് എന്നും പറഞ്ഞ് എന്നെ ഗോവയ്ക്ക് വിട്ടു. അവിടെയുള്ള കോൺവെന്റിലെ സിസ്റ്റേഴ്സ് ടീച്ചറായി എന്നെ അവിടുത്തെ സ്കൂളിൽ നിയമിക്കാൻ പരിശ്രമിച്ചു. ഞാൻ സമ്മതിച്ചില്ല. അവിടെനിന്നും തിരിച്ചു വന്നപ്പോൾ, എന്റെ രണ്ടാമത്തെ സഹോദരനോടൊപ്പം വാഴപ്പള്ളിയിൽ വന്നു. അമ്മായിമാരെ കണ്ട് അവരോട് കാര്യം പറഞ്ഞു. അവർ ബഹുമാനപ്പെട്ട വലിയ മദറിനെ വിളിച്ചു. സഹോദരനുമായി മദർ സംസാരിച്ചിട്ടു പറഞ്ഞു, 'ഈ വർഷം മഠത്തിൽ ചേരണമെന്ന് ആഗ്രഹിച്ച കുട്ടികൾ മാമ്മൂട്ടിൽ ആരാധനസഭയുടെ പരിശീലനഭവനത്തിൽ എത്തിചേർന്നു കഴിഞ്ഞു. ക്ലാസ് ഒക്കെ ആരംഭിച്ചു. നാളെ തന്നെ കൊണ്ടുവന്നു ചേർക്കണം.' കാരണവന്മാരോട് ഒക്കെ പറയേണ്ടേ? അതിനായി നാലു ദിവസത്തെ അവധി ചോദിച്ചു. അതും നടത്തി നാലാം ദിവസം മമ്മൂട്ടിൽ പരിശീലനഭവനത്തിൽ (St. Joseph's Novitiate House @ Mammood) വന്നുചേർന്നു.

ആസ്പരൻസി, പോസ്റ്റുലൻസി, നോവിഷ്യറ്റ് ഇവ പൂർത്തിയാക്കിയശേഷം 1975 ഒക്ടോബർ 20ന് വാഴപ്പള്ളി നിത്യാരാധന ചാപ്പലിൽവച്ച് സഭാവസ്ത്രം സ്വീകരിച്ച് ആദ്യവ്രതാനുഷ്ഠാനം നടത്തി. സിസ്റ്റർ ആയ ശേഷം വടക്കേ ഇന്ത്യയിൽ പഠിപ്പിക്കാൻ അധികാരികൾ എന്നെ അയച്ചു. ഗുജറാത്തിൽ നിന്ന് B.Ed. പാസ്സായി. കഴിഞ്ഞ 50 വർഷങ്ങളിൽ കേരളത്തിലും കേരളത്തിനു പുറത്ത് മധ്യപ്രദേശിലെ ഗ്വാളിയർ, ഛത്തീസ്ഗഢിലെ ജഗൽപുർ, ഒഡീഷയിലെ ബാർബിൽ, തുടങ്ങിയ സ്ഥലങ്ങളിൽ വിദ്യാഭ്യാസപ്രേഷിത മേഖലയിൽ പ്രവർത്തിക്കാൻ ദിവ്യകാരുണ്യ ഈശോ എന്നെ അനുഗ്രഹിച്ചു.

വടക്കേ ഇന്ത്യയിലെ വിദ്യാഭ്യാസ പ്രേഷിതത്വത്തിനുശേഷം കേരളത്തിലെ വിവിധ സ്കൂളുകളിൽ പ്രധാനാധ്യാപികയായി സേവനം ചെയ്യുവാൻ അധികാരികൾ എന്നെ നിയോഗിച്ചു. ധാരാളം ശിഷ്യഗണങ്ങൾ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായി ജീവിക്കുന്നത് കാണുമ്പോൾ എനിക്ക് വളരെ സന്തോഷവും സംതൃപ്തിയും ഉണ്ട്. മുംബൈയിൽ സീറോ-മലബാർ വിശ്വാസികളുടെ ഇടവകയിൽ വിശുദ്ധ കുർബാനയുടെ ആരാധകയും പ്രേഷിതയും ആയി ശുശ്രൂഷ ചെയ്യുവാനും എന്റെ അധികാരികൾ എനിക്ക് അവസരം നൽകി.

2025ൽ ആദ്യവ്രതാനുഷ്ടാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുവാനും എനിക്ക് ഭാഗ്യം ലഭിച്ചു. ഇപ്പോൾ വാഴപ്പള്ളി ലിറ്റിൽ ഫ്ളവർ ആരാധനമഠത്തിൽ സന്തോഷപൂർവ്വം കൃതജ്ഞത ബലിയർപ്പിച്ചുകൊണ്ട് ആരാധനാജീവിതം തുടരുന്നു. ഇന്നുവരെ ദിവ്യകാരുണ്യനാഥൻ കൈപിടിച്ച് നടത്തിയതിന്, അവിടുത്തോട് ഒത്തായിരിക്കാൻ അനുഗ്രഹിച്ചതിന് അവിടത്തേക്ക് സ്തോത്രങ്ങൾ അർപ്പിക്കുന്നു.

# ന്യൂനപക്ഷ സ്കോളർഷിപ്പുകൾ

Degree, PG പഠിക്കുന്നവർക്കും 10, 12 ക്ലാസുകളിൽ Full A+ കിട്ടിയവർക്കും, പോളിടെക്നിക് ഡിപ്ലോമ, CA/CMA/CS, ITI, നഴ്സിംഗ് ഡിപ്ലോമ, പാരാമെഡിക്കൽ ഡിപ്ലോമ, സിവിൽ സർവീസിന് പഠിക്കുന്നവർക്കും, എന്തിന് ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ പഠിക്കുന്ന ന്യൂനപക്ഷ (ക്രിസ്ത്യൻ, സിഖ്, ജൈന, മുസ്ലിം, പാഴ്സി, ബുദ്ധ) വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പുവഴി സ്കോളർഷിപ്പുകളുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർത്തിട്ടുണ്ട്.

സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിൽ നിന്നുള്ള സ്കോളർഷിപ്പുകൾ :

**1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്**

സർക്കാർ/സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ SSLC/THSLC, +2/VHSE പരീക്ഷകളിൽ Full A+ നേടിയവർക്ക് 10,000 രൂപയും, Degree-ക്ക് 80%, PG-ക്ക് 75% മാർക്ക് നേടുന്നവർക്ക് 15,000 രൂപയും ലഭിക്കും.

**2. സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്**

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം (5000 രൂപ), ബിരുദാനന്തര ബിരുദം (6000 രൂപ), പ്രൊഫഷണൽ കോഴ്സുകൾ (7000 രൂപ) പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് ലഭിക്കും. ഹോസ്റ്റൽ സ്റ്റൈപ്പൻഡായി 13,000 രൂപ (സ്കോളർഷിപ്പ് തുക ഉൾപ്പെടെ) അനുവദിക്കുന്നുണ്ട്.

**3. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്**

സർക്കാർ/സർക്കാർ എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 6,000 രൂപയാണ് സ്കോളർഷിപ്പ്.

**4. CA / CMA / CS സ്കോളർഷിപ്പ്**

ചാർട്ടേഡ് അക്കൗണ്ടൻസി / കോസ്റ്റ് ആൻഡ് മാനേജ്മെന്റ് അക്കൗണ്ടിംഗ് / കമ്പനി സെക്രട്ടറിഷിപ്പ് കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.

ഇന്റർമീഡിയറ്റ്, ഫൈനൽ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കാണ് അപേക്ഷിക്കാനർഹത. ഇന്റർമീഡിയറ്റ് പഠിക്കുന്ന വിദ്യാർത്ഥികൾ ഫൗണ്ടേഷൻ അല്ലെങ്കിൽ ബിരുദത്തിന് 60% മാർക്ക് നേടിയവർ ആയിരിക്കണം. ഫൈനലിന് പഠിക്കുന്ന വിദ്യാർത്ഥികൾ ഇന്റർമീഡിയറ്റ് പാസായവരായിരിക്കണം. സ്കോളർഷിപ്പ് തുക: 15,000 രൂപ

**5. ITI ഫീസ് റീഇംബഴ്സ്മെന്റ് സ്കീം**

സർക്കാർ അംഗീകൃത പ്രൈവറ്റ് *ഐ.ടി.ഐ.*കളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പദ്ധതി.

ഒരു വർഷത്തെ കോഴ്സിന് 10,000 രൂപ. രണ്ട് വർഷത്തെ കോഴ്സിന് 20,000 രൂപ.

**6. മദർ തെരേസ സ്കോളർഷിപ്പ്**

സംസ്ഥാനത്തെ സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ നഴ്സിംഗ് ഡിപ്ലോമ, സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 15,000 രൂപ.

**7. സിവിൽ സർവീസ് ഫീസ് റീഇംബഴ്സ്മെന്റ് സ്കോളർഷിപ്പ്**

സർക്കാർ/യൂണിവേഴ്സിറ്റി സ്ഥാപനങ്ങളിൽ നിന്നും സിവിൽ സർവീസ് പരീക്ഷാ പരിശീലനം നടത്തുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക്:

കോഴ്സ് ഫീസ് – പരമാവധി 20,000 രൂപ

ഹോസ്റ്റൽ ഫീസ് – പരമാവധി 10,000 രൂപ

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച് പൊന്നാനി, യൂണിവേഴ്സിറ്റികളുടെ പരിശീലന കേന്ദ്രങ്ങൾ എന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബാധകം.

ഈ സ്കോളർഷിപ്പുകളുടെ അപേക്ഷ തിയതി സർക്കാർ പ്രഖ്യാപിക്കും ഏകദേശം ഒരു മാസം സമയം നൽകും. അതികം പബ്ലിസിറ്റി ഇല്ലാത്തതിനാൽ അധികമാരും ഇത് അറിയാറില്ല. ഇനി മുതൽ എങ്കിലും പ്രമുഖ മാധ്യമങ്ങളിൽ പരസ്യപ്പെടുത്തണം എന്ന ശുപാർശ ജെ. ബി. കോശി കമ്മീഷനിലുണ്ട്. നടപ്പിലാക്കും എന്ന് പ്രതീക്ഷിക്കുന്നു. ശ്രദ്ധിക്കുക.

തിരഞ്ഞെടുപ്പ്: ബി.പി.എൽ വിഭാഗത്തിന് മുൻഗണന. 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗവും പരിഗണിക്കും. കുടുംബ വാർഷിക വരുമാനം, മാർക്ക് എന്നിവ മാനദണ്ഡമാണ്. ചില സ്കോളർഷിപ്പുകൾക്ക് മെറിറ്റ് സീറ്റ് അഡ്മിഷനും പരിഗണിക്കുന്നു.

അപേക്ഷ നൽകേണ്ടത് : www.mwdscholarship.kerala.gov.in എന്ന വെബ്സൈറ്റിലെ Scholarship ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകർക്ക് ഏതെങ്കിലും Scheduled Commercial Bank ൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

അപേക്ഷിക്കേണ്ട രീതി : www.mwdscholarship.kerala.gov.in ൽ One-time Registration ക്ലിക്ക് ചെയ്യുക.

രേഖകളുടെ വിവരങ്ങൾക്ക്: https://www.mwdscholarship.kerala.gov.in/admin/viewguidelines

കൂടുതൽ വിവരങ്ങൾക്ക്: 0471 2300523, 0471 2300524, 0471 2302090

**മാർഗദീപം സ്കോളർഷിപ്പ് :** കേരളത്തിലെ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1,500 രൂപ. വാർഷിക കുടുംബ വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയോ അതിന് തുല്യമോ ആയിരിക്കണം.

അപേക്ഷ നൽകേണ്ടത് : (www.margadeepam.kerala.gov.in).

പരാതികൾക്ക് ന്യനപക്ഷ കമ്മീഷനെ ബന്ധപെടാവുന്നതാണ് :
kscminorities@gmail.com

# സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ സകലതും മിശിഹായിൽ നവീകരിച്ച

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ

# 101-ാമത് ചരമവാർഷിക ആചരണം



## 2026 മെയ് 26 ചൊവ്വ - ഒന്നാം ദിവസം

## തീർഥാടനം @ 3:30 PM

ചെറുപുഷ്പ മിഷൻ ലീഗ് (CML) ചങ്ങനാശേരി മേഖലയുടെയും ആരാധനാ സന്യാസിനീ സമൂഹത്തിന്റെയും (SABS) നേതൃത്വത്തിൽ ചങ്ങനാശേരി പാറേൽ മരിയൻ തീർഥാടന കേന്ദ്രത്തിൽ നിന്നും ധന്യൻ കുര്യാളശ്ശേരി പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന ചങ്ങനാശേരി മർത്ത് മറിയം കബറിടപള്ളിയിലേക്ക് തീർഥാടനം നടത്തപ്പെടുന്നു.

| | | |
|---|---|---|
| 5:00 PM | : | പരിശുദ്ധ കുർബാന, സന്ദേശം |
| കാർമികൻ | : | **മാർ തോമസ് പാടിയത്ത്** (ഷംഷാബാദ് രൂപത സഹായ മെത്രാൻ) |
| സഹകാർമികർ | : | **മോൺ. ജോസ് മുട്ടത്തുപാടത്ത്** (പ്രോട്ടോ സിഞ്ചെല്ലൂസ്, തക്കാല രൂപത) |
| | | **റവ. ഡോ. ജോർജ്ജ് പുതുമനമൂഴിയിൽ** (ചാൻസിലർ, ചങ്ങനാശ്ശേരി അതിരൂപത) |
| നേതൃത്വം | : | SABS ചങ്ങനാശ്ശേരി പ്രോവിൻസ് |
| പങ്കാളിത്തം | : | SABS ജനറലേറ്റ് & തക്കല പ്രോവിൻസ് |

## 2026 മെയ് 27 ബുധൻ - രണ്ടാം ദിവസം

| | | |
|---|---|---|
| 5:00 PM | : | പരിശുദ്ധ കുർബാന, സന്ദേശം |
| കാർമികൻ | : | **റവ. ഫാ. ആന്റണി പയ്യപ്പിള്ളി വി.സി.**<br>(ഡയറക്ടർ, ഡി പോൾ ഡിവൈൻ റിട്രീറ്റ് സെന്റർ, തോട്ടകം, എറണാകുളം അതിരൂപത) |
| സഹകാർമികർ | : | **റവ. ഫാ. ജോൺ പരിയാത്തുമാലിൽ** (സത്ന രൂപത) |
| | | **റവ. ഡോ. തോമസ് ആര്യങ്കാല**<br>(വൈസ് പോസ്റ്റുലേറ്റർ, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ) |
| നേതൃത്വം | : | SABS എറണാകുളം പ്രോവിൻസ് |
| പങ്കാളിത്തം | : | SABS സത്ന & ഇടുക്കി പ്രോവിൻസുകൾ |

## 2026 മെയ് 28 വ്യാഴം - മൂന്നാം ദിവസം

| | | |
|---|---|---|
| 5:00 PM | : | പരിശുദ്ധ കുർബാന, സന്ദേശം |
| കാർമികൻ | : | **മോൺ. ജോസഫ് കണിയോടിക്കൽ** (സിഞ്ചെല്ലൂസ്, പാലാ രൂപത) |
| സഹകാർമികർ | : | **റവ. ഫാ. ജോബി കൂട്ടുങ്കൽ MST**<br>(വൈസ് റെക്ടർ, റൂഹാലയ മേജർ സെമിനാരി, ഉജ്ജയിൻ) |
| | | **റവ. ഫാ. ആന്റണി കളത്തിൽ**<br>(അസി. വികാരി, സെന്റ് റോക്കീസ് ചർച്ച്, മാണിക്യമംഗലം, അങ്കമാലി) |
| നേതൃത്വം | : | SABS പാലാ പ്രോവിൻസ് |
| പങ്കാളിത്തം | : | SABS ഉജ്ജയിൻ & ഡിമാപൂർ പ്രോവിൻസുകൾ |

**2026 മെയ് 29 വെള്ളി- നാലാം ദിവസം**

| | | |
|---|---|---|
| 5:00 PM | : | പരിശുദ്ധ കുർബാന, സന്ദേശം |
| കാർമികൻ | : | റവ. ഡോ. റിജോയ് പഴയാറ്റിൽ (ഡയറക്ടർ, വിദ്യജ്യോതി ഇരിഞ്ഞാലക്കുട രൂപത) |
| സഹകാർമികർ | : | **റവ. ഫാ. ആന്റണി വിലയാപിള്ളിൽ** (നെസ്റ്റ്, മൂവാറ്റുപുഴ, കോതമംഗലം രൂപത) |
| | | **റവ. ഫാ. കുര്യൻ പുത്തൻപുരയ്ക്കൽ CMI** (മൂവാറ്റുപുഴ പ്രോവിൻസ്, അടിമാലി) |
| നേതൃത്വം | : | SABS കോതമംഗലം പ്രോവിൻസ് |
| പങ്കാളിത്തം | : | SABS പഞ്ചാബ്, റായ്ഗഡാ പ്രോവിൻസുകൾ |

**2026 മെയ് 30 ശനി - അഞ്ചാം ദിവസം**

| | | |
|---|---|---|
| 5:00 PM | : | പരിശുദ്ധ കുർബാന, സന്ദേശം |
| കാർമികൻ | : | **മോൺ. ഡോ. ബോബി അലക്സ് മണ്ണംപ്ലാക്കൽ** (സിഞ്ചെല്ലൂസ്, കാഞ്ഞിരപ്പള്ളി രൂപത) |
| നേതൃത്വം | : | SABS കാഞ്ഞിരപ്പള്ളി പ്രോവിൻസ് |
| പങ്കാളിത്തം | : | SABS ജഗദൽപൂർ, ബാലസോർ പ്രോവിൻസുകൾ |

**2026 മെയ് 31 ഞായർ - ആറാം ദിവസം**

| | | |
|---|---|---|
| 5:00 PM | : | പരിശുദ്ധ കുർബാന, സന്ദേശം |
| കാർമികൻ | : | **റവ. ഫാ. ആൽബിൻ പാറയിൽ O'Carm** (സെന്റ് തോമസ് പ്രോവിൻസ്, തൃശ്ശൂർ അതിരൂപത) |
| സഹകാർമികൻ | : | **റവ. ഫാ. ജിക്സൺ പള്ളിവാതുക്കൽ** (ജീവോദയ, മലമ്പുഴ, പാലക്കാട് രൂപത) |

**2026 ജൂൺ 1 തിങ്കൾ - ഏഴാം ദിവസം**

| | | |
|---|---|---|
| നേതൃത്വം | : | SABS തൃശൂർ & പാലക്കാട് പ്രോവിൻസുകൾ |
| 5:00 PM | : | പരിശുദ്ധ കുർബാന, സന്ദേശം |
| കാർമികൻ | : | **റവ. ഫാ. ജെയ്സൺ ജോർജ്ജ്, കുഴികണ്ടത്തിൽ** (സെന്റ് ജൂഡ് പള്ളി വികാരി, മൂലങ്കാവ്, സുൽത്താൻ ബത്തേരി, മാനന്തവാടി) |
| സഹകാർമികൻ | : | **റവ. ഫാ. ലിയോ നടുപ്പറമ്പിൽ CRM** (സുപ്പീരിയർ അഡോണ ആശ്രമം, കിളിയന്തറ, തലശ്ശേരി) |
| നേതൃത്വം | : | SABS തലശ്ശേരി & മാനന്തവാടി പ്രോവിൻസുകൾ |

**2026 ജൂൺ 2 ചൊവ്വ - എട്ടാം ദിവസം**

| | | |
|---|---|---|
| 5:30 AM | : | പരിശുദ്ധ കുർബാന, സന്ദേശം (കബറിടപള്ളിയിൽ) |
| കാർമികൻ | : | **വെരി റവ. ഫാ. ജോസഫ് വാണിയപുരയ്ക്കൽ** (വികാർ, മെത്രാപ്പോലീത്തൻ പള്ളി) |
| സഹകാർമികർ | : | റവ. ഡോ തോമസ് കറുകക്കളം (ചീഫ് എഡിറ്റർ, യൂക്കരിസ്റ്റിക് ഫ്ലയിം) |
| | | റവ. ഫാ. മാത്യു പുത്തൻപുരയിൽ (അസി. വികാർ, മെത്രാപ്പോലീത്തൻ പള്ളി) |
| 7:30 AM | : | പരിശുദ്ധ കുർബാന, സന്ദേശം (കബറിടപള്ളിയിൽ) |
| കാർമികൻ | : | **മോൺ. ആന്റണി ഏത്തക്കാട്ട്** (പ്രോട്ടോ സിഞ്ചെല്ലൂസ്, ചങ്ങനാശ്ശേരി അതിരൂപത) |

| | | |
|---|---|---|
| സഹകാർമികൻ | : | **റവ. ഫാ. ജോസഫ് മുണ്ടുവേലിൽ**<br>(അസി. വികാർ, മെത്രാപ്പോലീത്തൻ പള്ളി) |
| 10:30 AM | : | പരിശുദ്ധ കുർബാന, സന്ദേശം (കത്തീഡ്രൽ പള്ളിയിൽ) |
| കാർമികൻ | : | **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**<br>(മെത്രാൻ, താമരശ്ശേരി രൂപത) |
| സഹകാർമികർ | : | **റവ. ഫാ. ബിനോയ് എലവുങ്കൽ CMI**<br>(ജനറൽ കൗൺസിലർ, ആലുവ)<br>**റവ. ഫാ. മാത്യു കാവനാട്ട്**<br>(പ്രോക്യുറേറ്റർ, ചങ്ങനാശ്ശേരി അരമന)<br>**റവ. ഫാ. ജേക്കബ് കളരിയ്ക്കൽ**<br>(അസി. വികാർ, സെന്റ് ജോർജ് പള്ളി, മുട്ടാർ)<br>**റവ. ഫാ. തോമസ് തെങ്ങുംപള്ളിൽ**<br>(അസി. വികാർ, മെത്രാപ്പോലീത്തൻ പള്ളി) |
| നേതൃത്വം | : | SABS താമരശ്ശേരി പ്രോവിൻസ് |
| പങ്കാളിത്തം | : | SABS വിജയവാഡ & രാജ്കോട്ട് പ്രോവിൻസുകൾ |
| ഉച്ചയ്ക്ക് 12 മണിക്ക് | : | **ശ്രാദ്ധഭക്ഷണം വെഞ്ചരിപ്പും വിതരണവും**<br>(പാരീഷ്ഹാളിൽ) |
| 12:00 NOON | : | പരിശുദ്ധ കുർബാന, സന്ദേശം (കത്തീഡ്രൽ പള്ളിയിൽ) |
| കാർമികൻ | : | **മോൺ. ഡോ. ജോൺ തേക്കേക്കര**<br>(സിഞ്ചെല്ലൂസ് ചങ്ങനാശ്ശേരി അതിരൂപത &<br>വികാർ, ലൂർദ്ദ് മാതാ ഫൊറോന പള്ളി, തിരുവനന്തപുരം) |
| സഹകാർമികർ | : | **വെരി റവ. ഡോ. ജെയിംസ് പാലയ്ക്കൽ**<br>(റെക്ടർ, സെന്റ് മേരീസ് ബസിലിക്ക, ചമ്പക്കുളം)<br>**റവ. ഫാ. ജോസഫ് കുറശ്ശേരി**<br>(വാർഡൻ, ലൂർദ്ദ് മാതാ കോളേജ് ഓഫ് സയൻസ് & ടെക്നോളജി,<br>തിരുവനന്തപുരം)<br>**റവ. ഫാ. ആന്റണി അറക്കത്തറ**<br>(അസി. വികാർ, ലൂർദ്ദ് മാതാ ഫൊറോന പള്ളി, തിരുവനന്തപുരം)<br>**റവ. ഫാ. ആന്റണി തുണ്ടുകളം**<br>(ബർസാർ, മീഡിയ വില്ലേജ്, ചങ്ങനാശ്ശേരി) |
| 5:00 PM | : | പരിശുദ്ധ കുർബാന, സന്ദേശം (കബറിടപള്ളിയിൽ) |
| കാർമികൻ | : | **മോൺ. ഡോ. സ്കറിയ കന്യാകോണിൽ**<br>(സിഞ്ചെല്ലൂസ്, ചങ്ങനാശ്ശേരി അതിരൂപത) |

## പ്രത്യേക ശ്രദ്ധയ്ക്ക്

2026 മെയ് 27 മുതൽ ജൂൺ 2 വരെ എല്ലാ ദിവസവും ഉച്ചകഴിഞ്ഞു 3:30ന് ജപമാലയും 4:00 മുതൽ 5:00 വരെ പരിശുദ്ധ കുർബാനയുടെ ആരാധനയും കബറിടപ്പള്ളിയിൽ ഉണ്ടായിരിക്കുന്നതാണ്. എല്ലാവരെയും സവിനയം സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

## പാരീഷ് ഡയറക്ടറി 2026

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന പാരീഷ് ഡയറക്ടറിയിലേക്ക് നിങ്ങളുടെ പ്രിയപ്പെട്ടവരുടെ ചിത്രങ്ങളോടുകൂടിയ സ്നേഹസ്മരണ, വിവാഹ ജൂബിലികൾ തുടങ്ങിയ പരസ്യങ്ങൾ നൽകി സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പള്ളി ഓഫീസുമായോ കൂട്ടായ്മാ ലീഡേഴ്സുമായോ ബന്ധപ്പെടാവുന്നതാണ്.

## 2025 - 2026 വർഷത്തെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്.

***"നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. എന്തെന്നാൽ, നമുക്കു മടുപ്പുതോന്നാതിരുന്നാൽ യഥാകാലം വിളവെടുക്കാം" (ഗലാത്തിയാ 6 : 9)***

2025 -26 വർഷം നമ്മുടെ മെത്രാപ്പോലീത്തൻ ഇടവകയിൽ വളരെയധികം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാൻ നമുക്ക് സാധിച്ചു.

- 2025 മെയ് ജൂൺ ജൂലൈ മാസങ്ങളിലെ വെള്ളപ്പൊക്കത്തിൽ ഏകദേശം 125 ഓളം കുടുംബങ്ങൾക്ക് 750 രൂപ (125X750=93,750) വിലയുള്ള ഭക്ഷ്യ കിറ്റുകൾ നൽകി.
- സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒട്ടേറെ വ്യക്തികൾക്ക് ചികിത്സാസഹായം നൽകുകയും, എല്ലാ മാസവും 15 കുടുംബത്തിലെ അംഗങ്ങൾക്ക് മരുന്നു വാങ്ങി കൊടുക്കുകയും ചെയ്യുന്നു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നു. മണിപ്പൂരിൽ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകി.
- കടക്കെണിയിൽ അകപ്പെട്ട ഒരു കുടുംബത്തിൻറെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം നൽകി. ഭവനം വാങ്ങുന്നതിനും ഒരു ഭവനം പൂർണമായി നിർമ്മിക്കുന്നതിനും ഈ വർഷം സാധിച്ചു.
- കാവുകാട്ട് ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരു പുതിയ ഭവനത്തിന്റെ നിർമ്മാണം ആരംഭിച്ചു.
- ഉന്നത വിദ്യാഭ്യാസത്തിനായി ഈ കഴിഞ്ഞവർഷം 10 കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകി.
- ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിലെ മൃതസംസ്കാര ചെലവുകൾക്ക് സഹായം നൽകി.
- ദരിദ്രകുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും വാങ്ങി നൽകുവാൻ സാധിച്ചു.

### 2025- 2026 വർഷത്തെ ചാരിറ്റി കണക്ക്

| | |
|---|---|
| വിദ്യാഭ്യാസം | 9,06,404/- |
| ചികിത്സാ സഹായം | 13,86,022/- |
| ഭവന നിർമ്മാണം | 20,92,969/- |
| വിവാഹസഹായം | 45,000/- |
| ഭക്ഷ്യധാന്യങ്ങൾ | 3,59,959/- |
| മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ | 1,99,922/- |
| വികാർ ചാരിറ്റി ഫണ്ട് | 60,000/- |
| അഗതി മന്ദിരങ്ങൾക്ക് | 65,620/- |
| **ആകെ** | 51,58,896/- |

സുമനസ്സുകൾ ആയ ധാരാള വ്യക്തികളുടെയും കുടുംബങ്ങളുടെയും നിർലോഭമായ പിന്തുണ കൊണ്ട് ഈ ജീവകാരുണ്യ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു. ഇനി വരുന്ന നാളുകളിലും നമ്മുടെ കുടുംബങ്ങളിലെ ആർഭാടപൂർവമായ ആഘോഷങ്ങളിൽ മിതത്വം പാലിച്ചുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നിർലോഭമായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ബാബു കളീയ്ക്കൽ**, കൺവീനർ ചാരിറ്റി കമ്മിറ്റി

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

നമ്മുടെ പള്ളിയിൽ 1938 ൽ പ്രവർത്തനം ആരംഭിച്ച സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ 19 പ്രവർത്തനാംഗങ്ങളും 250 സഹായ അംഗങ്ങളുമുണ്ട്.

ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ദൈവകൃപയാൽ നല്ല പ്രവർത്തനം നടത്തുവാൻ സാധിച്ചു എന്നത് ചാരിതാർത്ഥ്യജനകമാണ്. 15 കുടുംബാംഗങ്ങളെ ദത്തെടുത്ത് ഭക്ഷണം, വിദ്യാഭ്യാസം, അത്യാവശ്യ ചികിത്സ എന്നിവയ്ക്കായി 274766 രൂപ നൽകുകയുണ്ടായി. ഇതേ കാലയളവിൽ സാമ്പത്തിക പരാധീനതയിൽ പഠനം മുടങ്ങുന്ന ഘട്ടത്തിലെത്തിയ രണ്ടു ദത്തു വിദ്യാർത്ഥികൾക്ക് ഫീസിനത്തിൽ 238819 രൂപയും നൽകി. അതിരൂപതയുടെ മണിപ്പൂർ വിദ്യാർത്ഥികളുടെ സഹായ ഫണ്ടിലേയ്ക്ക് 40000 രൂപാ വീതം കഴിഞ്ഞ 3 വർഷമായി നാം നൽകികൊണ്ടിരിക്കുന്നു.

ക്യാൻസർ രോഗികളായ ദമ്പതികൾ അടങ്ങുന്ന ഒരു കുടുംബത്തിന് താമസസൗകര്യവും ഒരുക്കുന്നതിലേക്ക് 67950 രൂപ ചെലവഴിച്ച് ഒരു ഭവനം സംഘം വിലയ്ക്കു വാങ്ങുകയുണ്ടായി. കൂടാതെ വിവിധ ഭവനങ്ങളുടെ അറ്റകുറ്റ പണികൾക്കായി 110000 രൂപയും സഹായമായി നൽകുകയുണ്ടായി. മറ്റു ചില ദരിദ്രകുടുംബങ്ങളുടെ വിവിധ ആവശ്യത്തിനായി 120000 രൂപയും സഹായമായി വിതരണം ചെയ്തു.

മൊത്തം 1588221 രൂപ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സംഘം ഇക്കഴിഞ്ഞ സാമ്പത്തിക വർഷം വിനിയോഗിക്കുകയുണ്ടായി.

### മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

ഡിജിറ്റൽ സമൂഹ മാധ്യമങ്ങളുടെ അതിപ്രസരം കുട്ടികളിൽ മൂല്യശോഷണം വരുത്തുന്നു. വിദ്യാർത്ഥികൾക്കിടയിൽ അന്യമായിക്കൊണ്ടിരിക്കുന്ന പത്രപാരായണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സൊസൈറ്റി ചെയ്യുന്നു. ഇതിന്റെ ഭാഗമായി ഒരു പത്രം പോലും വരുത്തുവാൻ സാമ്പത്തികശേഷി ഇല്ലാത്തതും വിദ്യാർത്ഥികൾ ഉള്ളതുമായ 5 കുടുബങ്ങൾക്ക് കഴിഞ്ഞ 7 വർഷമായി സ്പോൺസേഴ്സ് വഴി ദീപിക ദിനപത്രം നൽകിക്കൊണ്ടിരിക്കുന്നു.

### CARP (Community Awareness and Rights Protection)

അതിരൂപതയുടെ CARP ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന തൊഴിൽ വാർത്തകൾ സർക്കാർ സഹായങ്ങൾ ഇഡബ്ല്യൂഎസ് ന്യൂനപക്ഷ ക്ഷേമ

പദ്ധതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അതതു മേഖലയിലുള്ളവർക്ക് ലഭ്യമാക്കുന്നതും സൊസൈറ്റിയുടെ കർമ്മപരിപാടിയുടെ ഭാഗമാണ്.

### വി. ജിയോർജിയോ പ്രസാറ്റി

ഈ വർഷം ലിയോ 14-ാം പാപ്പ സെന്റ് വിൻസന്റ് ഡി പോൾ പ്രവർത്തകനും യുവാവുമായിരുന്ന ജിയോർജിയോ പ്രസാറ്റിയെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തിയത് ഏറെ അഭിമാനത്തോടെ സ്മരിക്കുന്നു.

### രോഗീദിനാചരണം

ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനത്തിൽ ചങ്ങനാശേരി ജനറൽ ആശുപത്രിയിലെ രോഗികളെ അംഗങ്ങൾ സന്ദർശിക്കുകയുണ്ടായി. മറ്റൊരു ദിവസം സേവനോദ്യാനത്തിലെ രോഗികളും വയോധികരുമായ ബഹു. കന്യാസ്ത്രീകളെ സന്ദർശിച്ച് സാന്ത്വനമേകുകയുണ്ടായി.

ഈ ദൃശ്യപ്രവർത്തനങ്ങൾക്ക് ഞങ്ങളെ ഏറെ സഹായിച്ച ബഹു. വികാരി വാണിയപ്പുരയ്ക്കലച്ചനേയും കൊച്ചച്ചന്മാരേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**ആനിമ്മ ജോസുകുട്ടി**
പ്രസിഡന്റ്

**ടോമിച്ചൻ അയ്യരുകുളങ്ങര**
സെക്രട്ടറി

## ഇടയനിലേക്ക്
## സൃഷ്ടികളും പരസ്യങ്ങളും ക്ഷണിക്കുന്നു!



1. **ലേഖനങ്ങൾ & സർഗ്ഗാത്മകത (Articles & Creativity):**
   ആത്മീയ ചിന്തകൾ, കഥകൾ, കവിതകൾ, പ്രത്യേക വിഷയങ്ങളിലെ ലേഖനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കാൻ താല്പര്യമുള്ളവർ നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്ക് അയക്കുക.

2. **പരസ്യങ്ങൾ (Advertisements):**
   നിങ്ങളുടെ ബിസിനസ്സ്/വിശേഷ പരസ്യങ്ങൾ ഇടവകാംഗങ്ങളിൽ എത്തിക്കൂ.

   പരസ്യനിരക്കുകൾ

| | | | |
|---|---|---|---|
| Front Inside | = 6500/- | Back Inside | = 6500/- |
| Full Page | = 5000/- | Half Page | = 3000/- |
| Cover Back | = 10000/- | | |

**Contact: 9400 736 231**

EDAVAKA VARTHAKAL



# ഇടവക വാർത്തകൾ

## അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ മൂന്നാം ചരമവാർഷികം

അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിന്റെ മൂന്നാം ചരമവാർഷിക ആചരണം മാർച്ച് 18-ാം തീയതി കബറിടപ്പള്ളിയിൽ പരിശുദ്ധ കുർബാനയും അനുസ്മരണ പ്രാർത്ഥനയോടെയും നടത്തി.

## മാർ ആന്റണി പടിയറ പിതാവിന്റെ 26-ാം ചരമവാർഷികം

മേജർ ആർച്ച് ബിഷപ്പായിരുന്ന മാർ ആന്റണി പടിയറ പിതാവിന്റെ 26-ാം ചരമവാർഷികദിനം മാർച്ച് 22 ന് പരിശുദ്ധ കുർബാനയോടെയും അനുസ്മരണ പ്രാർഥനയോടെയും ആചരിച്ചു.

## വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ

വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ മാർച്ച് 19-ാം തീയതി ചന്തക്കടവ് കുരിശടിയിൽ ആചരിച്ചു. ആഘോഷമായ തിരുനാൾ കുർബാനയിലും ഊട്ടുനേർച്ചയിലും ധാരാളം വിശ്വാസികൾ പങ്കെടുത്തു.

## വിശുദ്ധവാര തിരുകർമ്മങ്ങൾ

നാല്പതാം വെള്ളി മാർച്ച് 27 ന് ആചരിച്ചു. വൈകുന്നേരം 4.30 ന്റെ പരിശുദ്ധ കുർബാനയ്ക്കുശേഷം ആഘോഷമായ കുരിശിന്റെ വഴി മാർക്കറ്റ് ചുറ്റി പള്ളിയിൽ എത്തിച്ചേർന്നു. അതിനുശേഷം ഫാ. ഷാജി തുമ്പേച്ചിറയിൽ അച്ചൻ നയിച്ച ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരുന്നു. 28-ാം തീയതി ശനിയാഴ്ചയും വൈകിട്ട് വിശുദ്ധ കുർബാനയ്ക്കുശേഷം ധ്യാനവും ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരുന്നു. 29-ാം തീയതി ഓശാന ഞായറാഴ്ച വൈകിട്ട് ബഹു. ഫാ. ഷാജി തുമ്പേച്ചിറയിൽ അച്ചന്റെ നേതൃത്വത്തിൽ 150 പരം കലാകാരൻമാർ അവതരിപ്പിച്ച 'The Passion of Mary' എന്ന Sight & Sound show യോടുകൂടി ധ്യാനം അവസാനിച്ചു. ഓശാന ഞായർ തിരുകർമ്മങ്ങൾ മാർച്ച് 29-ാം തീയതി അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. അന്നേദിവസം 10.30 ന് രോഗികൾക്കായുള്ള കുമ്പസാരവും പരിശുദ്ധ കുർബാനയും സ്നേഹവിരുന്നും ഫോട്ടോ സെഷനും ഉണ്ടായിരുന്നു. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലെ നാല്പതുമണി ആരാധന പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണത്തോടെ സമാപിച്ചു.

പെസഹാവ്യാഴാഴ്ചത്തെ പരിശുദ്ധ കുർബാനയ്ക്കും കാൽ കഴുകൽ ശുശ്രൂഷയ്ക്കും അപ്പംമുറിയ്ക്കൽ ശുശ്രൂഷയ്ക്കും മാർ തോമസ് തറയിൽ

പിതാവ് നേതൃത്വം നൽകി.

പീഡാനുഭവവെള്ളി തിരുകർമ്മങ്ങൾക്കും നഗരി കാണിക്കൽ, സ്ലീവാപ്പാത, സ്ലീവാവണക്കം, തിരുസ്വരൂപചുംബനം എന്നീ ശുശ്രൂഷകൾക്ക് വികാരിയച്ചൻ ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നേതൃത്വം നൽകി.

പീഡാനുഭവ വെള്ളി ദിനത്തിൽ അങ്ങാടി കുരിശടി, ചന്തക്കടവ് കുരിശടി, കാക്കാംതോട് കുരിശടി എന്നിവിടങ്ങളിൽ കൂട്ടായ്മകളുടെ നേതൃത്വത്തിൽ വിശുദ്ധ കുരിശിന്റെ വഴി ഭക്തിപൂർവം നടന്നു. പാസ്റ്ററൽ സെന്റർ, അസംപ്ഷൻ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ബൈപാസിൽ നിന്നും വിശുദ്ധ കുരിശിന്റെ വഴി നടത്തപ്പെട്ടു.

ഉയിർപ്പുതിരുനാൾ തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് കാർമികത്വം വഹിച്ചു.

## 2026-29 കാലഘട്ടത്തിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2026-29 കാലഘട്ടത്തിലേക്കുള്ള കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെയും പ്രതിനിധി യോഗാംഗങ്ങളുടെയും തെരഞ്ഞെടുപ്പ് നടന്നു. പുതിയ പാരീഷ് കൗൺസിലിന്റെ ഉദ്ഘാടനം മാർച്ച് 22 ന് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് നിർവഹിച്ചു. അടുത്ത വർഷത്തേക്കുള്ള കൈക്കാരൻമാരുടെയും സെക്രട്ടറിയുടെയും തെരഞ്ഞെടുപ്പും വിവിധ കമ്മറ്റികളുടെ രൂപീകരണവും നടത്തി. അടുത്ത വർഷത്തേയ്ക്ക് തെരഞ്ഞെടുത്തിരിക്കുന്ന കൈക്കാരൻമാർ സുബിൻ എം. മതിച്ചിപറമ്പിൽ, പ്രിൻസ് തോമസ് കുറുപ്പൻപറമ്പിൽ, ജിജി തോമസ് പാറക്കവിൽ എന്നിവരാണ്. പാരീഷ് കൗൺസിൽ സെക്രട്ടറിയായി ഷീബ മാനുവൽ മുണ്ടയ്ക്കൽ തെരഞ്ഞെടുക്കപ്പെട്ടു.

## കുടുംബകൂട്ടായ്മ പ്രവർത്തനവർഷം ഉദ്ഘാടനം

2026-29 കാലഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെ സമ്മേളനവും പ്രവർത്തനവർഷം ഉദ്ഘാടനവും മെയ് 3 ഞായറാഴ്ച കുടുംബകൂട്ടായ്മ ബൈബിൾ അപ്പോസ്തലേറ്റ് അതിരൂപത ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ നിർവഹിച്ചു. വികാരിയച്ചൻ ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ജോബി തൂമ്പുങ്കൽ ആശംസ നേർന്നു, കുടുംബകൂട്ടായ്മ ജനറൽ കൺവീനർ റോണി ജോൺ കുരിശിങ്കൽപറമ്പിൽ സ്വാഗതവും നടത്തുകൈക്കാരൻ സുബിൻ എം. മതിച്ചിപ്പറമ്പിൽ കൃതജ്ഞതയും പറഞ്ഞു.

## വിശ്വാസോത്സവം

സൺഡേസ്കൂൾ കുട്ടികളുടെ വിശ്വാസോത്സവം ഏപ്രിൽ 6 മുതൽ 16 വരെ നടന്നു.

## കുട്ടികളുടെ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണം

നമ്മുടെ ഇടവകയിലെ 20 കുട്ടികളുടെ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണം മെയ് 3 ഞായറാഴ്ച നടന്നു.

## വാർഷിക പൊതുയോഗം

നമ്മുടെ ഇടവക വാർഷികപൊതുയോഗം മെയ് 10 ഞായറാഴ്ച നവമശതാബ്ദി ഹാളിൽ വച്ച് നടത്തപ്പെട്ടു.

## വൈദികരുടെ ഭവനസന്ദർശനം & ഇടവക ഡയറക്ടറി

ബഹുമാനപ്പെട്ട വൈദികരുടെ ഇടവക ഭവനസന്ദർശനം നടന്നുവരുന്നു. പുതിയതായി പ്രസിദ്ധീകരിക്കുന്ന ഇടവക ഡയറക്ടറിക്കു വേണ്ട വിവരങ്ങൾ ശേഖരിക്കുവാൻ ഉള്ള ഫോറം എല്ലാ ഭവനങ്ങളിലും എത്തിച്ചിട്ടുണ്ട്. പൂരിപ്പിച്ച ഫോറവും കുടുംബഫോട്ടോയും ഇനിയും ഏൽപ്പിച്ചിട്ടില്ലാത്തവർ എത്രയും പെട്ടെന്ന് കൂട്ടായ്മയുടെ ചാർജ് ഉള്ള വൈദികരെ ഏൽപ്പിക്കേണ്ടതാണ്.

## കരുതൽ

മാനസിക സവിശേഷതകളുള്ള സ്ത്രീകളെ സംരക്ഷിക്കുന്ന കിടങ്ങറയിലെ 'സ്നേഹതീർത്തിനു' വേണ്ടി ഒരു ഭവനം നിർമ്മിക്കുവാനുള്ള സംഭാവനകൾ മെയ് 10 ന് കൂട്ടായ്മ ലീഡേഴ്സ് വീടുകളിൽ നിന്നും സ്വീകരിച്ചു. ഇനിയും സംഭാവനകൾ നൽകാത്തവർ കുടുംബകൂട്ടായ്മ ലീഡേഴ്സിനെ ഏൽപ്പിക്കേണ്ടതാണ്.

## നൂറുമേനി സീസൺ IV ഫൊറോനാ മത്സരം

നൂറുമേനി സീസൺ IV ഫൊറോനാതല മത്സരം മെയ് 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1:45 മുതൽ 4:30 വരെ ചങ്ങനാശ്ശേരി സെന്റ്. ജോസഫ് ഗേൾസ് സ്കൂളിൽ വച്ച് നടത്തി. ഇടവകതല മത്സരത്തിൽ നിന്ന് യോഗ്യത നേടിയവർ പങ്കെടുത്തു.

## പുഴവാത് തോമസ് പള്ളിയെ അതിർത്തി തിരിഞ്ഞ കുരിശുപള്ളിയായി ഉയർത്തി

ഇക്കഴിഞ്ഞ മെയ് 20 ന് തൃക്കൊടിത്താനം ഫൊറോന പള്ളിയിൽ നടത്തപ്പെട്ട 140-ാം അതിരൂപതാ ദിനാഘോഷത്തിൽ C.26/PY PUZ 1180 എന്ന കല്പനപ്രകാരം അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ചങ്ങനാശ്ശേരി വലിയ പള്ളിയുടെ കുരിശുപള്ളിയായ പുഴവാത് തോമസ് പള്ളിയെ അതിർത്തി തിരിഞ്ഞ കുരിശുപള്ളിയായി ഉയർത്തി.

**അതിർത്തികൾ:** കിഴക്കുവശം മനയ്ക്കച്ചിറ - ഗാനമന്ദിരം റോഡ്, തെക്കുവശം ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ്, പടിഞ്ഞാറുവശം കോടൂർ ആറും അതിന്റെ പടിഞ്ഞാറേചിറയും, വടക്കുവശം ആനന്ദപുരം അമ്പലം - കൊട്ടാര അമ്പലം റോഡും ചാലക്കുഴി പുളിഞ്ചുവടു റോഡിന്റെ ഇരുവശങ്ങളിൽ മുനിസിപ്പൽ ഗ്രൗണ്ട് ആയിക്കിടക്കുന്ന ഭാഗം ഒഴിവാക്കി ഗ്രൗണ്ടിന്റെ തെക്കുവശം.

## ധന്യൻ മാർ കുര്യാളശ്ശേരി പിതാവിന്റെ 101-ാം ചരമവാർഷികം

ധന്യൻ മാർ കുര്യാളശ്ശേരി പിതാവിന്റെ 101-ാം ചരമവാർഷികം 2026 മെയ് 26 മുതൽ ജൂൺ 2 വരെ ആചരിക്കുന്നതാണ്. മെയ് 26 ന് പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ നിന്നും കബറിട പള്ളിയിലേക്ക് തീർത്ഥാടനം നടത്തുന്നതാണ്. മെയ് 26 മുതൽ ജൂൺ 2 വരെ വൈകിട്ട് 5 മണിക്ക് പരിശുദ്ധ കുർബാനയും സന്ദേശവും ഉണ്ടായിരിക്കുന്നതാണ്. ജൂൺ 2 ന് ഉച്ചക്ക് പാരീഷ്ഹാളിൽ ശ്രാദ്ധ ഭക്ഷണം.

സ്നേഹപൂർവം,
**റോണി ജോൺ കുരിശിങ്കൽപറമ്പിൽ**
കുടുംബകൂട്ടായ്മ - ജനറൽ കൺവീനർ

## ജലത്താലും ആത്മാവിനാലും



| | | |
|---|---|---|
| പുതുപ്പറമ്പിൽ സിരീഷ് - കവിത മകൾ റോസ് | - | 28.03.2026 |
| കരിങ്ങണാമറ്റം ജെറിൻ - ചിഞ്ചു മകൻ ജോർജ്ജ് | - | 08.04.2026 |
| തയ്യിൽ റിജോ - മരിയ മകൾ റോസ് | - | 15.04.2026 |
| കാക്കാംപറമ്പിൽ അരുൺ - സഞ്ജന മകൻ ഇസബെൽ | - | 18.04.2026 |
| മാറാട്ടുകളം കിരൺ - അലീഷ്യ മകൾ ട്രീസ | - | 19.04.2026 |
| പെരുമ്പായിൽ സജൻ - രമ്യ മകൻ ഐസക് | - | 23.04.2026 |
| തോപ്പിൽ സോബിൻ - ലിമി മകൾ മരിയ | - | 23.04.2026 |
| കുരിശുംമൂട്ടിൽ ആൽവിൻ - ആൽബി മകൾ മറിയം | - | 13.05.2026 |
| അഴിമുഖം അരുൺ - ഹണി മകൻ ജോസഫ് | - | 12.04.2026 |
| ചെറ്റയ്ക്കാട്ട് നിഥിൻ-ലീന മകൾ റ്റെസ | - | 14.05.2026 |
| ആശാരിപ്പറമ്പ് നിക്കി-നീതു മകൾ മറിയം | - | 18.05.2026 |

## ദൈവം യോജിപ്പിച്ചത്



- ഈ ഇടവക പുല്ലുകാട്ടുപറമ്പിൽ മാത്യു -ജോസിയാമ്മ മകൻ വർഗീസും ചേരാനല്ലൂർ ഇടവക എലിത്തേരി മൈക്കിൾ - എമിൽഡ മകൾ മേരി മോനിക്കയും - 12.02.2026
- ഈ ഇടവക കൊച്ചുപറമ്പിൽ ജോസഫ് - അന്നമ്മ മകൻ ഉലഹന്നാനും വരാപ്പുഴ മണിയാത്ത സേവ്യർ - ജിജി മകൾ അന്റോണിയാ അൽഫോൻസ റോസറിയും - 18.04.2026
- ഈ ഇടവക ആശാരിപ്പറമ്പിൽ രാജപ്പൻ - കുഞ്ഞമ്മ മകൻ സാവൂളും ഈ ഇടവക കടുത്താനത്ത് വർഗീസ് - ലിസിമോൾ മകൾ മരിയയും - 25.04.2026
- ഈ ഇടവക കിഴക്കേവെലിയവീട് ജോസഫ് - ജോയ്സ് മകൻ ജോർജും പോർത്തൂർ ലാസർ - ഗ്രേസി മകൾ ജെയ്നിയും - 25.04.2026
- ഈ ഇടവക വാച്ചാപറമ്പിൽ പൗലോസ് - ലൂസി മകൻ ജോസഫ് സേവ്യറും ചെമ്മലമറ്റം ഇടവക വെള്ളൂക്കുന്നേൽ സെബാസ്റ്റ്യൻ - ജോസി മകൾ മരിയ തെരേസും - 03.05.2026
- ഈ ഇടവക വെട്ടുകുഴിപറമ്പിൽ സാബു - കുഞ്ഞുമോൾ മകൻ വർഗീസും ഈ ഇടവക കുരയ്ക്കലാട്ടുചിറയിൽ വത്സലൻ - കുഞ്ഞുമോൾ മകൾ അന്നയും - 06.05.2026

- ഈ ഇടവക കയ്യാലകത്ത് സാബു - റെസി മകൻ ചെറിയാനും പൊടിപ്പാറ ഇടവക കണ്ണന്തറ ബെന്നി - എൽസമ്മ മകൾ എലിസബത്തും - 07.05.2026
- ഈ ഇടവക കായലിമ്പറമ്പിൽ ആന്റണി - മേരിക്കുട്ടി മകൻ ചാക്കോയും വെളിയനാട് ഇടവക മണ്ണാറച്ചിറ ഔസേഫ് - മേഴ്സി മകൾ മറിയവും - 07.05.2026
- ഈ ഇടവക കാളുപറമ്പിൽ സുഭാഷ്-ജിൻസി മകൻ ജോസഫും ഏന്തയാർ ഇടവക കാപ്പിലിപ്പറമ്പിൽ തോമസ്-ഷൈനി മകൾ എലിസബത്തും - 18.05.2026

## ഉത്ഥിതനോടൊപ്പം

RIP

| | |
|---|---|
| അരിമ്പൂർ ആന്റോസ് ജോസഫ് (48 വയസ്സ്) | 30.03.2026 |
| പാലത്തിങ്കൽ റോസമ്മ ആന്റണി (70 വയസ്സ്) | 30.03.2026 |
| കൂലിപ്പുരയ്ക്കൽ അന്നമ്മ ആന്റണി (98 വയസ്സ്) | 02.04.2026 |
| പുളിയ്ക്കപ്പറമ്പ് അന്നമ്മ ജോസഫ് (82 വയസ്സ്) | 04.04.2026 |
| കിഴക്കേ വലിയ വീട്ടിൽ ജോയ്സ് ജേക്കബ് (62 വയസ്സ്) | 18.04.2026 |
| കുടകപ്പറമ്പ് ലില്ലിക്കുട്ടി വർഗീസ് (94 വയസ്സ്) | 19.04.2026 |
| മുക്കാടൻ സെബാസ്റ്റ്യൻ കുര്യൻ (85 വയസ്സ്) | 20.04.2026 |
| മേക്കരശ്ശേരി എം.ഡി. ജോസഫ് (96 വയസ്സ്) | 23.04.2026 |
| സേവനോദ്യാനം സി. അൽഫോൻസാ കുര്യൻ (73 വയസ്സ്) | 26.04.2026 |
| നെടിയകാലാപ്പറമ്പിൽ തോമസ് ജോർജ് (78 വയസ്സ്) | 27.04.2026 |
| പാലാത്ര വി.പി. മാത്യൂസ് (82 വയസ്സ്) | 28.04.2026 |
| മൂലയിൽ എം.റ്റി. ജെയിംസ് (88 വയസ്സ്) | 01.05.2026 |
| കൂട്ടുമ്മേക്കാട്ടിൽ ബിനോ കെ.വി. (56 വയസ്സ്) | 02.05.2026 |
| ഇലഞ്ഞിപ്പറമ്പിൽ കുര്യാക്കോസ് ജോസഫ് (74 വയസ്സ്) | 09.05.2026 |
| കുരിശുംമൂട്ടിൽ കെ.സി. എബ്രാഹം (85 വയസ്സ്) | 13.05.2026 |
| പുതുപ്പറമ്പ് റോസമ്മ തോമസ് (90 വയസ്സ്) | 17.05.2026 |

## വിവാഹസഹായപദ്ധതി

സ്നേഹമുള്ളവരേ, നമ്മുടെ ഇടവകയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവാഹസഹായപദ്ധതിയുടെ എല്ലാ കാര്യങ്ങളും കമ്പ്യൂട്ടറൈസ്ഡ് ആക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആയതിനാൽ ഈ പദ്ധതിയിൽ അംഗങ്ങൾ ആയവർ അവരുടെ പാസ്സ് ബുക്കുകൾ, മൊബൈൽ നമ്പർ എന്നിവ ജൂൺ 30 നു മുമ്പായി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

# സ്നേഹസ്മരണയ്ക്ക്



**ഏലിക്കുട്ടി വർഗീസ്** — മരണം: 19.04.2026

**കെ.ജെ. വർഗീസ്** — മരണം: 08.08.2015

കുടകപറമ്പിൽ, കുരിശുമൂട്
ചങ്ങനാശ്ശേരി


# SK GROUP



## CLEANING SERVICE & EVENTS
### DEEP CLEANING SERVICE

PH: 9447859297, 9074668172, 8921586720
Bypass, Changanacherry

MONTHLY/YEARLY CONTRACT

- House Cleaning
- Office Cleaning
- General Cleaning
- Apartment Cleaning
- Deep Cleaning
- Grass Cutting
- Pest Control

- Panthal Works
- Ambulance Service
- Light & Sounds
- Mobile Mortury
- Security Service
- Catering Service





# സ്നേഹസ്മരണയ്ക്ക്





കെ.പി. അന്തോനിച്ചൻ  പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി





# വീടിനു നൽകാം
# പൂക്കീ ഇന്റീരിയർ

KITCHEN | LIVING | DINING | BEDROOM

100% CUSTOMIZED INTERIOR
FURNISHING COMPANY

**Contact : 97448 37739**
Karilakuzhy Buildings, Chethipuzha
Kurissummoodu, Changanacherry

# FLY HEART CATERERS & EVENTS

KURISHUMOODU
CHANGANASSERY







## TOP QUALITY Catering & Events

**Unleash the Culinary Magic with Our Exquisite Catering & Event Management Services!**

Elevate your events to extraordinary heights with our exceptional catering and event management expertise.

From sumptuous delicacies that tantalize the taste buds to seamless event orchestration that leaves a lasting impression, we are your partner in creating unforgettable experiences.



CALL NOW
FOR A FREE QUOTE

Jomin Kainikkara
+91 9446713458
+91 9446606162
+91 9446626364

@FLY HEART GROUP

St Joseph Orphanage Press, Chry +91 85477 85270